

# പച്ചയായ പുല്ത്തകിടിയിലേക്ക്

## പരിസ്ഥിതിസംരക്ഷണത്തെക്കുറിച്ച്

### കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ നയരേഖയും പ്രവർത്തനപദ്ധതിയും

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# പച്ചയായ പുല്ത്തകിടിയിലേക്ക്

പരിസ്ഥിതിസംരക്ഷണത്തെക്കുറിച്ച്
കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ
നയരേഖയും പ്രവർത്തനപദ്ധതിയും

www.malankaralibrary.com

# പച്ചയായ പുല്‍ത്തകിടിയിലേക്ക്

പരിസ്ഥിതിസംരക്ഷണത്തെക്കുറിച്ച്
കേരള കത്തോലിക്ക മെത്രാന്‍ സമിതിയുടെ
നയരേഖയും പ്രവര്‍ത്തനപദ്ധതിയും

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പാസ്റ്ററല്‍ ഓറിയന്റേഷന്‍ സെന്റര്‍
പ്രസിദ്ധീകരണം

www.malankaralibrary.com

**Pachayaya Pulthakidiyilekk**

*[Malayalam]*

**Published by**
The Director, Pastoral Orientation Centre,
Secretariat,Kerala Catholic Bishops' Council, Kochi 25, Kerala, India
Phone: +91 484 2805722, 2805815, Fax: +91 484 2806214
E-mail: poc@kcbcsite.com, Website: www.kcbcsite.com

**Copyright to**
The Publisher

**Published on**
19th March 2012, Copies - 3000

**Reprinted on**
7th June 2012, Copies - 7000

**Printed at**
Don Bosco IGACT, Kochi - 28, Phone: +91 484 2806411

Price - ₹ 20

© Copyright 2012
All rights reserved. No part of this publication may be reproduced, stored in a retrieval system, or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise, without prior written permission of the Publisher.

www.malankaralibrary.com

# മുഖവുര

പ്രപഞ്ചത്തിൽ ദൈവം നിറഞ്ഞുനില്ക്കുന്നു. "കർത്താവിന്റെ വചന ത്താൽ ആകാശം നിർമ്മിക്കപ്പെട്ടു. അവിടത്തെ കല്പനയാൽ ആകാശ ഗോളങ്ങളും" (സങ്കീ 33,6) അവിടന്ന് അരുൾ ചെയ്തു, ലോകം ഉണ്ടായി; അവിടന്നു കല്പിച്ചു, അത് സുസ്ഥാപിതമായി (സങ്കീ 33,9). പ്രപഞ്ചം ദൈവത്തിന്റെ ആലയമാണ്. "ശരീരത്തിൽ ആത്മാവ് എങ്ങനെ വസി ക്കുന്നുവോ അതേരീതിയിൽ ഭൂമിയിൽ ദൈവം വസിക്കുന്നു"വെന്ന് വിശുദ്ധ തോമസ് അക്വീനാസ് പഠിപ്പിക്കുന്നു (st I, 17). "ഭൂമിയും അതിലെ സമസ്തവസ്തുക്കളും ഭൂതലവും അതിലെ നിവാസികളും കർത്താ വിന്റേതാണ്" (സങ്കീ 24,1).

ദൈവത്തിന്റെ ആലയമായ ഭൂമിയെ സുന്ദരമായി സൂക്ഷിക്കാൻ നമുക്കു കടമയുണ്ട്. കർത്താവിന്റെ ആലയത്തിൽ ശുശ്രൂഷചെയത് അതിനെ സംരക്ഷിച്ച ലേവ്യരെപ്പോലെ ഭൂമിയിൽ ശുശ്രൂഷചെയ്ത് അതിനെ സംരക്ഷിക്കാനും വൃത്തിയായി സൂക്ഷിക്കാനും നമുക്ക് ഉത്ത രവാദിത്വമുണ്ട്. മനുഷ്യൻ പ്രപഞ്ചവസ്തുക്കളുടെ ആത്യന്തിക ഉടമക ളല്ല. അതുകൊണ്ട് പ്രപഞ്ചത്തെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിയ നുസരിച്ചേ മനുഷ്യൻ ഭൂമിയെ ഉപയോഗിക്കാവൂ (ചെന്തേസിമൂസ് ആന്നൂസ് 37). ദൈവം നമുക്കു നല്കിയ പ്രപഞ്ചം സുന്ദരമായി സൂക്ഷി ക്കാനുള്ള ഉത്തരവാദിത്വം ക്രൈസ്തവവിശ്വാസത്തിൽ നിന്ന് ഉരുത്തി രിയുന്നവയാണ്.

കേരളത്തിലെ കത്തോലിക്കാസഭ കഴിഞ്ഞ ഏതാനും വർഷമായി പരിസ്ഥിതിപ്രവർത്തനങ്ങളിൽ സജീവമാണ്. നമ്മുടെ സംസ്ഥാനത്തെ പ്രത്യേക സഹചര്യങ്ങൾ കണക്കിലെടുത്ത് പരിസ്ഥിതിസംരക്ഷണ മേഖലയിൽ സഭ കൂടുതൽ ഇടപെടുന്നതിനുവേണ്ടിയാണ് കേരള



www.malankaralibrary.com

കത്തോലിക്കാ മെത്രാൻസമിതി ഈ പരിസ്ഥിതി നയരേഖ പ്രസിദ്ധീകരിക്കുന്നത്. പരിസ്ഥിതിസംരക്ഷണം ഈശ്വരവിശ്വാസത്തിന്റെ ഭാഗമായി കാണണം. നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ, ഇതരസ്ഥാപനങ്ങൾ, ഇടവകകൾ, അല്മായസംഘടനകൾ, സന്ന്യാസസഭകൾ, രൂപതകൾ എന്നിവയിലൂടെ പരിസ്ഥിതിശുശ്രൂഷ കാര്യക്ഷമമാക്കാൻ നമുക്കു സാധിക്കണം. കേന്ദ്രസംസ്ഥാനഗവർമെന്റുകളും ഇതര സാമൂഹികസേവന സംഘടനകളും പരിസ്ഥിതിസംരക്ഷണത്തിൽ നടപ്പിലാക്കുന്ന കർമ്മപദ്ധതികളോടു സഹകരിച്ച് നീങ്ങാൻ സഭയ്ക്കു കഴിയണം. പരിസ്ഥിതിസംരക്ഷണം സഭാശുശ്രൂഷയുടെ ഭാഗമായി കാണുമ്പോഴും ചില പരിസ്ഥിതിസംഘടനകളുടെ 'തീവ്രവാദ' നിലപാടിനെ സഭ അംഗീകരിക്കുന്നില്ല.

കേരള കത്തോലിക്കാമെത്രാൻസമിതിക്കുവേണ്ടി പരിസ്ഥിതി നയരേഖ തയ്യാറാക്കിയത് കെസിബിസി യുടെ പരിസ്ഥിതിക്കായുള്ള പ്രത്യേക സമിതിയാണ്. ഈ സമിതിക്ക് ഇപ്പോൾ നേതൃത്വം നല്കുന്നത് മൂവാറ്റുപുഴ രൂപതാമെത്രാൻ അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസാണ്. പരിസ്ഥിതി പ്രവർത്തകർ, ശാസ്ത്രജ്ഞർ, ഈ മേഖലയിൽ തനതായ വ്യക്തിമുദ്ര പതിച്ചിട്ടുള്ള അനേകം സന്മനസ്സുള്ള വ്യക്തികൾ എന്നിവർ ഈ നയരേഖയുടെ പ്രവർത്തനങ്ങളുമായി സഹകരിച്ചിട്ടുണ്ട്. അവരെയെല്ലാം നന്ദിപൂർവം ഓർക്കുന്നു.

കെസിബിസിയുടെ പരിസ്ഥിതിനയരേഖയുടെ രണ്ടാംഭാഗത്ത് സംസ്ഥാനതലത്തിലും രൂപതാതലത്തിലും ഇടവകതലത്തിലും സ്ഥാപനങ്ങളുടെ തലത്തിലും നടപ്പിലാക്കേണ്ട കർമ്മപദ്ധതികളെക്കുറിച്ച് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ശരിയായ നിലയിൽ അവ നടപ്പിലാക്കാൻ ഉത്തരവാദപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിദ്യാഭ്യാസത്തിന്റെയും ആതുരശുശ്രൂഷയുടെയും സാമൂഹികസേവനത്തിന്റെയും നവമായ മാതൃക നമുക്ക് നടപ്പിലാക്കാൻ സാധിച്ചതുപോലെ ഇന്നത്തെ കാലഘട്ടത്തിന്റെ പ്രത്യേകതകൾ പരിഗണിച്ച് പരിസ്ഥിതിശുശ്രൂഷയുടെ പുതിയ ഒരു സംസ്കാരം സംസ്ഥാനത്തു നടപ്പിലാക്കാൻ നമുക്കു സാധിക്കട്ടെ.

| | |
|---|---|
| 19.03.2012 | †ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത് |
| പി.ഒ.സി., കൊച്ചി-25 | പ്രസിഡന്റ് |
| | കേരള കത്തോലിക്കാ മെത്രാൻസമിതി |



www.malankaralibrary.com

# പച്ചയായ പുല്ത്തകിടിയിലേക്ക്

## പരിസ്ഥിതിസംരക്ഷണത്തെക്കുറിച്ച് കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ നയരേഖയും പ്രവർത്തനപദ്ധതിയും

പച്ചയായ പുല്ത്തകിടിയിൽ അവിടന്ന് എനിക്ക് വിശ്രമമരുളുന്നു. പ്രശാന്തമായ ജലാശയത്തിലേക്ക് അവിടന്ന് എന്നെ നയിക്കുന്നു (സങ്കീ 23,2).

പച്ചയായ പുല്ത്തകിടിയും പ്രശാന്തമായ ജലാശയവും ഈശ്വരന്റെ വരദാനമാണ്. സമൃദ്ധമായ സൃഷ്ടപ്രപഞ്ചത്തെ സ്വാർത്ഥത്തോടെ ഉപയോഗിച്ച മനുഷ്യന് പ്രശാന്തമായ പ്രപഞ്ചം ഇന്ന് വിലപ്പെട്ടൊരു സ്വപ്നമാണ്. പ്രകൃതിനാശത്തിന്റെ വിവിധങ്ങളായ ദുരന്തഫലങ്ങൾ ഏറ്റക്കുറച്ചിലുകളോടെ അനുഭവിച്ചുകൊണ്ടിരിക്കുന്ന നമുക്ക് ഇത് വളരെ പ്രസക്തമാണ്. പരിസ്ഥിതിപ്രശ്നങ്ങളോട് ലോകമെമ്പാടും രാഷ്ട്രീയ, ശാസ്ത്രീയ, മതാത്മക ചിന്താമണ്ഡലങ്ങളിൽ ശരിയായ പ്രതികരണങ്ങൾ ഉണ്ടാകുന്നുവെന്നത് ശ്രദ്ധേയമാണ്. കത്തോലിക്കാ സഭയും പരിസ്ഥിതിനാശത്തെ ഗൗരവപൂർവമെടുത്ത് തന്റെ നിലപാടുകൾ പലപ്പോഴായി വ്യക്തമാക്കിയിട്ടുണ്ട്. ജോൺ പോൾ രണ്ടാമൻ പാപ്പായും ബെനഡിക്റ്റ് പതിനാറാമൻ പാപ്പായും നിരവധി പ്രബോധനങ്ങൾ ഈ വിഷയത്തിൽ നല്കിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ കേരളത്തിന്റെ സവിശേഷമായ സാഹചര്യങ്ങൾ പരിഗണിച്ച് കേരളകത്തോലിക്കാസഭ പ്രകൃതിസംരക്ഷണത്തെക്കുറിച്ചു പുറപ്പെടുവിക്കുന്നതാണ് ഈ നയരേഖ.

### 1. കാലത്തിന്റെ അടയാളങ്ങൾ

പരിസ്ഥിതിനാശത്തിന്റെ ഭയപ്പെടുത്തുന്ന അടയാളങ്ങൾ നമ്മെ വലയംചെയ്യുന്നുണ്ട്. ഹരിതഗ്രഹവാതകങ്ങളുടെ ഉയർന്ന സാന്നിദ്ധ്യംമൂലം വർദ്ധിച്ചുവരുന്ന അന്തരീക്ഷതാപനില, മലിനമായിക്കൊണ്ടിരിക്കുന്ന പുഴകളും തടാകങ്ങളും, ശുദ്ധജലദൗർലഭ്യം,



www.malankaralibrary.com

വിഷമയമായ കാർഷികവിളകൾ, മാലിന്യം നിറയുന്ന നഗരങ്ങൾ, വംശനാശം വന്നുകൊണ്ടിരിക്കുന്ന ജീവജാലങ്ങൾ, പരിസ്ഥിതി പ്രശ്നങ്ങളുടെ ഫലമായി വർദ്ധിച്ചുവരുന്ന രോഗങ്ങൾ എന്നീ പ്രശ്നങ്ങളെക്കുറിച്ച് സഭയ്ക്കും ഉത്കണ്ഠയുണ്ട്. കാരണം, പരിസ്ഥിതി പ്രശ്നം ഒരു ജൈവപ്രശ്നം മാത്രമല്ല, ആത്യന്തികമായി അതൊരു ധാർമ്മികപ്രശ്നവും ആത്മീയ വിഷയവുമാണ്. എന്തെന്നാൽ, പരിസ്ഥിതിസംബന്ധമായ പ്രശ്നങ്ങൾ നമ്മുടെ സാമ്പത്തികബന്ധങ്ങളും ഊർജ്ജവിനിയോഗരീതിയും നീതിപൂർവകമായ വിഭവവിനിയോഗവും പ്രകൃതിയോടുള്ള നമ്മുടെ ആത്മീയനിലപാടുകളുമാണ് വ്യക്തമാക്കുന്നത്.

### 2. പരിസ്ഥിതിവിഷയങ്ങളോടുള്ള സഭയുടെ പ്രതികരണം

പരിസ്ഥിതിവിഷയങ്ങളോടുള്ള സഭയുടെ പ്രതികരണങ്ങളും പൊതുസമൂഹത്തിന്റെ പ്രതികരണങ്ങളും തമ്മിൽ ഒരു കാര്യത്തിൽ സാരമായി വ്യത്യാസപ്പെട്ടിരിക്കുന്നു. പ്രകൃതിയുടെ ദുരുപയോഗംവഴി പ്രകൃതി നശിക്കാൻ പോകുന്നു; അതുവഴി മനുഷ്യരും നാശത്തിലേക്കു നീങ്ങുന്നു എന്ന നിലപാടാണ് സെക്കുലർ പ്രതികരണങ്ങളുടെ സാധാരണ അടിസ്ഥാനം. എന്നാൽ സഭ പരിസ്ഥിതിനാശത്തെ അതിലുപരി പ്രപഞ്ചസ്രഷ്ടാവായ ദൈവത്തോടു ബന്ധപ്പെടുത്തിയാണു കാണുന്നത്. അതുകൊണ്ടുതന്നെ സഭയെ സംബന്ധിച്ചിടത്തോളം പരിസ്ഥിതിസംരക്ഷണം വെറും ജൈവശാസ്ത്രപരമോ രാഷ്ട്രീയമോ ആയ ഒരു വിഷയമല്ല. അതിന്റെ മുഖ്യഅടിസ്ഥാനം പ്രകൃതിയെക്കുറിച്ചുള്ള ദൈവശാസ്ത്ര ദർശനങ്ങളാണ്.

### 3. ഈ രേഖയുടെ ലക്ഷ്യങ്ങൾ

പരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ച് സമൂഹത്തിൽ നടക്കുന്ന സംവാദത്തിൽ ക്രിയാത്മകമായി പങ്കുചേരാൻ കേരളസഭ ആഗ്രഹിക്കുന്നു. ഇന്നാട്ടിലെ ശാസ്ത്രസമൂഹവുമായി സഹകരിച്ച് പരിസ്ഥിതി പ്രശ്നം ധാർമ്മികവും ആത്മീയവുമായ വിഷയമായി ഈ നയരേഖ അവതരിപ്പിക്കുന്നു. താഴെപ്പറയുന്ന കാര്യങ്ങളാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

* പരിസ്ഥിതിപ്രശ്നത്തിന്റെ ധാർമ്മികവശങ്ങൾ സമൂഹശ്രദ്ധയിൽ കൊണ്ടുവരുക
* പരിസ്ഥിതിയും ദാരിദ്ര്യവും വികസനശ്രമങ്ങളും തമ്മിലുള്ള ബന്ധം വ്യക്തമാക്കുക



www.malankaralibrary.com

* പരിസ്ഥിതിനാശത്തിന്റെ ഒന്നാം ഇരകളായ പാവപ്പെട്ടവരോടുള്ള അനുഭാവം ക്രിയാത്മകമായി പ്രകടിപ്പിക്കുക
* സുസ്ഥിരവികസനത്തിലൂടെയുള്ള പരിസ്ഥിതി സംരക്ഷണത്തിലെ നീതിയുടെ വശങ്ങൾ വെളിവാക്കുക
* എല്ലാ കത്തോലിക്കരെയും സന്മനസ്സുള്ള എല്ലാ മനുഷ്യരെയും ഈ പ്രശ്നത്തിലെ മതപരമായ മാനങ്ങൾ പരിഗണിക്കാൻ ക്ഷണിക്കുക
* പരിസ്ഥിതിസംരക്ഷണത്തിന് സഭ നടത്തുന്ന ഇടപെടലുകൾ കൂടുതൽ സജീവമാക്കുക
* ഇന്നത്തെ സാഹചര്യത്തിൽ പരിസ്ഥിതിസംരക്ഷണത്തിന് അനുവർത്തിക്കാനുതകുന്ന കാര്യങ്ങൾ നിർദ്ദേശിക്കുക
* പരിസ്ഥിതിആത്മീയത പരിപോഷിപ്പിക്കുക

## 4. ബൈബിളിന്റെ പ്രകൃതിവീക്ഷണം

### 4.1. സൃഷ്ടിവിവരണത്തിലെ പ്രപഞ്ചവീക്ഷണം

പ്രകൃതിയെക്കുറിച്ച് ബൈബിളിലെ ഏറ്റവും അടിസ്ഥാനസങ്കല്പം പ്രകൃതി ദൈവം സൃഷ്ടിച്ചതാണെന്നും അതിനാൽത്തന്നെ അതു നല്ലതാണെന്നതുമാണ്. "താൻ സൃഷ്ടിച്ചവയെ ദൈവം നോക്കി; എല്ലാം നല്ലതാണെന്ന് അവൻ കണ്ടു" (ഉൽപ 1,31). ദൈവത്തിന്റെ ജ്ഞാനവും ശക്തിയുമാണ് സൃഷ്ടിയിൽ പ്രകടമാകുന്നത് (സുഭാ 8,22-31). സൃഷ്ടിയുടെ ഉറവിടവും അതിന്റെ ശുശ്രൂഷയും വെളിപ്പെടുത്തിയ ദൈവത്തെ നാമിവിടെ കാണുന്നു. സൃഷ്ടികർമ്മത്തിന്റെ അവസാനത്തിൽ ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യരെ തന്റെ പ്രതിനിധികളായി സൃഷ്ടിയുടെ ചുമതലയേല്പിക്കുന്നു (ഉൽപ 1,28). സൃഷ്ടിയെ പ്രകീർത്തിക്കുന്ന ദൈവവും സ്രഷ്ടാവിനെ മഹത്വപ്പെടുത്തുന്ന മനുഷ്യരും ഇതരജീവജാലങ്ങളും പറുദീസായുടെ പ്രത്യേകതയാണ്. സൃഷ്ടികർമ്മത്തിന്റെ ഭാഗമായിത്തന്നെ സൃഷ്ടിവ്യവസ്ഥയിൽ ദൈവം ചില പരിധികളും ക്രമങ്ങളും വച്ചു (ഉൽപ 2,16,17). ദൈവം നിശ്ചയിച്ച അതിർവരമ്പുകൾ ലംഘിച്ചതോടെ ദൈവവും മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള ബന്ധം ഉലഞ്ഞു (ഉൽപ 3,1-24). ആദിപാപം കേവലം കല്പനലംഘനം എന്നതിനെക്കാൾ സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധത്തിൽ വന്ന വീഴ്ചയാണ്. ദൈവത്തിൽനിന്നു സത്ത സ്വീകരിച്ച സൃഷ്ട



www.malankaralibrary.com

വസ്തുക്കൾ സ്രഷ്ടാവിനെ വെല്ലുവിളിച്ചുകൊണ്ട് അനുവദിക്കപ്പെട്ട തിനെക്കാളും, ആവശ്യമുള്ളതിനെക്കാളും കൂടുതൽ സ്വന്തമാക്കാൻ നടത്തുന്ന ശ്രമങ്ങൾ നാമിവിടെ കാണുന്നു.

### 4.2. മനുഷ്യൻ-ദൈവത്തിന്റെ പ്രതിനിധിയും കാര്യസ്ഥനും

മറ്റു ജീവജാലങ്ങൾക്കിടയിൽ ദൈവത്തിന്റെ ഛായയിലും സാദൃശ്യ ത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യരോട് ദൈവം കല്പിച്ചു, "സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ. കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും ഭൂമിയിൽ ചരിക്കുന്ന സകല ജീവികളുടേയുംമേൽ നിങ്ങൾക്ക് ആധിപത്യമുണ്ടായിരിക്കട്ടെ" (ഉൽപ 1,28). ഒരുപക്ഷേ, ഏറ്റവും ഭീകരമായി ദുർവ്യാഖ്യാനം ചെയ്യപ്പെട്ടിട്ടുള്ള ബൈബിൾ വാക്യമായിരിക്കണം ഉത്പത്തി 1,28. പ്രകൃതിയെ ചൂഷണം ചെയ്യാനും വരുതിക്കു നിറുത്താനുമുള്ള ദൈവികതീട്ടൂരമായി ഈ വാക്യം വ്യാഖ്യാനിക്കപ്പെട്ടു. ആരാധിക്കേണ്ട ദിവ്യശക്തിയോ ഭയപ്പെടേണ്ട എതിരാളിയോ ഒന്നുമല്ല പ്രകൃതി എന്ന ശരിയായ പാഠത്തോടൊപ്പം മനുഷ്യന് യഥേഷ്ടം ഊറ്റിയെടുക്കാവുന്ന വിഭവസംഭരണിയാണ് പ്രകൃതി എന്ന ശരിയല്ലാത്ത പാഠവും ഉത്പത്തി 1,28 -ൽ നിന്ന് ഉദ്ഭൂതമായി. പാശ്ചാത്യലോകത്തെ പാരിസ്ഥിതികനാശത്തിന്റെ വിഷവിത്ത് ഈ വാക്യത്തിൽ മറഞ്ഞിരിക്കുന്നു എന്ന വാദവും അതിന്റെ എതിർവാദവും പലരും ശക്തമായി ഉയർത്തിയിട്ടുണ്ട്. പ്രകൃ തിയുമായുള്ള നമ്മുടെ അടിസ്ഥാനപരമായ ബന്ധം നിർണയിക്കുന്ന വചനഭാഗമാണ് ഉൽപത്തി 1,28. പ്രകൃതിയുടെ ഉടമകളല്ല മനുഷ്യർ എന്നത് തികച്ചും സുവ്യക്തം. ഇതിനുള്ള നല്ല ഉദാഹരണം പഴയനി യമത്തിലുണ്ട്. ഇസ്രായേലിന്റെ വിശ്വസ്തതക്ക് ദൈവം കൊടുത്ത പ്രതിഫലമാണ് മണ്ണ് (പുറപ്പാട് 19,5). യഹോവ കല്പിച്ചു, "ഭൂമി ഒരി ക്കലും എന്നേക്കുമായി വിറ്റുകളയരുത്; കാരണം ഭൂമി കർത്താവി ന്റേതാണ്. മനുഷ്യരാകട്ടെ, ഭൂമിയിൽ അപരിചിതരും അതിഥികളു മാണ് (ലേവ്യ 25,4-7, 23).

പ്രകൃതിയും മനുഷ്യനും തമ്മിലുണ്ടാകേണ്ട ഏറ്റവും സുന്ദരമായ ബന്ധം ദൈവത്തിന്റെ പ്രതിനിധിയായി ഉത്തരവാദിത്വബോധത്തോടെ കാര്യസ്ഥത നിർവഹിക്കുന്നു (stewardship) എന്നതാണ്. കേവലം പ്രകൃ തിയുടെ കാര്യസ്ഥനാണ് മനുഷ്യൻ എന്നുവന്നാൽ പ്രകൃതിക്ക് അതീ തരും പ്രകൃതിയിൽ നിന്ന് സ്വതന്ത്രരുമാണ്. മനുഷ്യർ എന്ന സ്ഥിതി യുണ്ടാകും. ഇത് പ്രകൃതിയുടെമേലുള്ള മനുഷ്യന്റെ ആശ്രയത്വം



www.malankaralibrary.com

നിഷേധിക്കുന്നതിനു തുല്യമാണ്. എങ്കിൽപ്പിന്നെ എന്തായിരിക്കണം മനുഷ്യ-പ്രകൃതി ബന്ധത്തിന്റെ അടിസ്ഥാന സ്വഭാവം? ഭൂമിക്ക് അതീതനായ ഭൂമിയുടെ കാര്യസ്ഥൻ എന്നതല്ല, മറിച്ച് ദൈവത്തിന്റെ ഛായയിൽ മണ്ണിൽനിന്ന് മെനഞ്ഞെടുക്കപ്പെട്ടവൻ എന്നതാണ് മനുഷ്യ-പ്രകൃതി ബന്ധം നിർണയിക്കാൻ ബൈബിൾ നല്കുന്ന ദിശാബോധം. ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ദൈവത്തിന്റെ കരുതലോടും ആർദ്രതയോടും കൂടെ പ്രപഞ്ചത്തോടു വർത്തിക്കാൻ മനുഷ്യർ കടപ്പെട്ടിരിക്കുന്നു. ഈ ബന്ധത്തിന്റെ സ്വഭാവം വ്യക്തമാക്കുന്ന ഒരു രൂപകമാണ് ജറുസലേം ദേവാലയത്തിൽ ലേവ്യർക്കുള്ള കടമകൾ. കർത്താവിന്റെ ആലയത്തിൽ ശുശ്രൂഷ ചെയ്ത് അതിനെ സംരക്ഷിച്ച ലേവ്യരെപ്പോലെ (സംഖ്യ 3,21-37; 18,14) ഭൂമിയിൽ ജോലി (ശുശ്രൂഷ) ചെയ്ത് അതിനെ സംരക്ഷിക്കണം മനുഷ്യർ. ഭൂമിയെ ദേവാലയം പോലെ കണക്കാക്കാൻ തുടങ്ങുമ്പോൾ ഭൂമിയിൽ മനുഷ്യർ ദേവാലയശുശ്രൂഷികളെപ്പോലെ വ്യാപരിക്കും. ഇതിന്റെ അർത്ഥം പ്രകൃതിയെ ഉപയോഗിച്ചുകൂടാ എന്നല്ല. മറിച്ച് പ്രകൃതിവിഭവങ്ങൾ ഉപയോഗിക്കുന്നത് പ്രകൃതിയെത്തന്നെ നശിപ്പിക്കുന്നരീതിയിലാകരുത് എന്നാണ്.

പ്രപഞ്ചം ദൈവത്തിന്റെ ദാനമാണെന്ന അവബോധം കുറഞ്ഞത് രണ്ടു കാര്യങ്ങളെങ്കിലും അർത്ഥമാക്കുന്നുണ്ട്. ഒന്നാമതായി, മനുഷ്യൻ പ്രപഞ്ചവസ്തുക്കളുടെ ആത്യന്തികഉടമകളല്ല. അതുകൊണ്ട് പ്രപഞ്ചത്തെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിയനുസരിച്ചേ മനുഷ്യൻ വസ്തുക്കൾ ഉപയോഗിക്കാവൂ. ഭൂമിയെ തന്നിഷ്ടം പോലെ ഉപയോഗിക്കുന്നത് സൃഷ്ടികർമ്മത്തിൽ പങ്കുചേരുന്നതിനു പകരം സ്വയം ദൈവസ്ഥാനത്തു പ്രതിഷ്ഠിക്കലാണ്. രണ്ടാമതായി, പ്രകൃതിയെന്ന ദൈവികദാനം മനുഷ്യനെ സംബന്ധിച്ചിടത്തോളം ഒരു ദൗത്യമാണ്. ഇക്കാര്യം വ്യക്തമാക്കുന്നതാണ് പൂർവപിതാവായ അബ്രാഹത്തിന്റെ വിശ്വാസജീവിതം. കർത്താവിന്റെ വിളിയോടൊപ്പം യഹോവ അവന് മൂന്ന് അനുഗ്രഹങ്ങളും കൊടുത്തു: ഭൂമി, സന്തതികൾ, യഹോവയെ ത്തന്നെയും. ഈ മൂന്ന് സംഗതികളും ഒരേസമയം ദാനങ്ങളും ഉത്തരവാദിത്വങ്ങളുമാണ്. ദാനത്തെ വിലപ്പെട്ട ദൗത്യമായി കണ്ട് ഉപയോഗിക്കുമ്പോഴേ അവ ശരിക്കുള്ള ദാനമായി മാറുകയുള്ളൂ. അതായത്, ദാനമായിക്കിട്ടിയ ഭൂമിയിൽ അബ്രാഹം പണിയെടുക്കണം, കൃഷിചെയ്യണം. അപ്പോഴാണ് ഭൂമി അനുഗ്രഹമാകുന്നത് (മറ്റ് രണ്ടു ദാനങ്ങളുടെ കാര്യത്തിലും ഇതു ശരിയാണ്).



www.malankaralibrary.com

പ്രപഞ്ചവസ്തുക്കളെ ദാനമായി കണക്കാക്കുന്നില്ലെങ്കിൽ അവയെ തങ്ങൾക്ക് അവകാശപ്പെട്ട കേവലമൂലധനമായി മനുഷ്യർ ചൂഷണം ചെയ്യാൻ തുടങ്ങും. അത്തരം സമൂഹത്തിൽ മണ്ണിന്റെ വില അതിന്റെ വില്പനമൂല്യം മാത്രമായി തരംതാഴും.

### 4.3. പ്രപഞ്ചവും ദൈവികഉടമ്പടികളും

ദൈവത്തിൽ നിന്നകന്ന സൃഷ്ടിയെ തന്നിലേക്ക് തിരികെ കൊണ്ടു വരാൻ മനുഷ്യനെ പുറത്താക്കിയ നിമിഷംമുതൽ തന്നെ ദൈവം ശ്രമമാരംഭിച്ചു. ജലപ്രളയത്തിൽ നിന്നു രക്ഷിക്കപ്പെട്ട നോഹയും ഇതരജീവജാലങ്ങളുമായി ഉറപ്പിക്കപ്പെട്ട ഉടമ്പടി ഇതിന്റെ ഭാഗമാണ്: നോഹയോടും പുത്രൻമാരോടും ദൈവം വീണ്ടും അരുൾ ചെയ്തു: "നിങ്ങളോടും നിങ്ങളുടെ സന്തതികളോടും ഞാനിതാ ഒരു ഉടമ്പടി ചെയ്യുന്നു. അതോടൊപ്പം നിന്റെ കൂടെ പെട്ടകത്തിൽ നിന്നു പുറത്തുവന്ന ജീവനുള്ള സകലതിനോടും - പക്ഷികൾ, കന്നുകാലികൾ, കാട്ടുജന്തുക്കൾ എന്നിവയോടും - നിങ്ങളുമായുള്ള എന്റെ ഉടമ്പടി ഞാൻ ഉറപ്പിക്കുന്നു. ഇനിയൊരിക്കലും വെള്ളപ്പൊക്കം കൊണ്ട് ജീവജാലങ്ങളെല്ലാം നശിക്കാൻ ഇടവരുകയില്ല. ഭൂമിയെ നശിപ്പിക്കാൻ ഇനിയൊരു വെള്ളപ്പൊക്കമുണ്ടാവില്ല (ഉൽപ, 9, 8-11). തുടർന്ന് അബ്രാഹമുമായി നടത്തിയ ഉടമ്പടിയിലൂടെ കാനാൻദേശം ഇസ്രായേലിന് വാഗ്ദാനം ചെയ്യുന്നു (ഉൽപ 17,7-8) ഈ രണ്ട് ഉടമ്പടികളും ദൈവം രണ്ടു വ്യക്തികളുമായി മാത്രമല്ല, അവരുടെ തന്നെ ഭാഗമായ സൃഷ്ടിയോടു മുഴുവനുമായും അതോടൊപ്പം തലമുറകളോളം നീണ്ടു നില്ക്കുന്നതുമായാണു നടത്തിയത്. പ്രകൃതിയെയും മനുഷ്യരെയും ദുരുപയോഗിക്കുന്നതുതടയാൻ ഇസ്രായേൽ പല കാര്യങ്ങളും ഏർപ്പാടാക്കിയിരുന്നു. ഏഴാംവർഷം മണ്ണിനും മൃഗങ്ങൾക്കും മനുഷ്യർക്കും വിശ്രമകാലമായി കണക്കാക്കി (ലേവ്യ 25). ഏഴാം ദിനമുള്ള സാബത്താചരണം ഇതിന്റെ ഒരു ചെറുപതിപ്പായിരുന്നു. ഇന്നത്തെ മിക്ക പരിസ്ഥിതി പ്രശ്നങ്ങൾക്കും പിന്നിൽ ദൈവത്തിന്റെ ഈ പദ്ധതിയുടെ നിരാസമുണ്ട്.

### 4.4. പ്രവാചകന്മാരും സങ്കീർത്തനങ്ങളും

മനുഷ്യൻ ചെയ്യുന്ന തിന്മകൾ മറ്റു ജീവജാലങ്ങളും സഹിക്കേണ്ടി വരും എന്ന് വചനം പഠിപ്പിക്കുന്നുണ്ട്. ദേശവാസികൾക്കെതിരേ അവിടത്തേക്ക് ഒരു ആരോപണമുണ്ട്. ഇവിടെ വിശ്വസ്തതയോ സ്നേഹമോ ഇല്ല. ദൈവവിചാരം ദേശത്ത് അറ്റുപോയിരിക്കുന്നു. ആണയിടലും വഞ്ചനയും കൊലപാതകവും മോഷണവും



www.malankaralibrary.com

വ്യഭിചാരവും സീമാതീതമായിരിക്കുന്നു. ഒന്നിനുപുറകേ ഒന്നായി കൊലപാതകം നടക്കുന്നു. അതിനാൽ, ദേശം വിലപിക്കുന്നു; അതിലെ സകല നിവാസികളും ക്ഷയിക്കുന്നു; വയലിലെ മൃഗങ്ങളും ആകാശത്തിലെ പറവകളും സമുദ്രത്തിലെ മത്സ്യങ്ങൾപോലും അപഹരിക്കപ്പെടുന്നു (ഹോസി 4,1-3).

പ്രകൃതിക്ക് അതിൽത്തന്നെ മൂല്യമുണ്ട്. ഉപയോഗസാധ്യതയല്ല പ്രകൃതിയുടെ മൂല്യം നിർണയിക്കുന്നത്. മനുഷ്യർക്ക് പ്രത്യക്ഷത്തിൽ ഒരു ഉപകാരവുമില്ലെന്നു തോന്നുന്ന പല വസ്തുക്കളും ജീവ ജാലങ്ങളുമുണ്ട്. ജോബിന്റെ പുസ്തകത്തിൽ (അധ്യായങ്ങൾ 25, 38, 41) മനുഷ്യർക്ക് മെരുക്കാനോ ഉപയോഗിക്കാനോ കഴിയാത്ത ഒട്ടേറെ ജീവികളെപ്പറ്റി പറയുന്നുണ്ട്. ഇതൊരു സൂചനയാണ്. പ്രകൃതിയുടെ ലക്ഷ്യം മനുഷ്യരുടെ ഉപയോഗം മാത്രമല്ല; ആത്യന്തികമായി ദൈവ ത്തിന്റെ മഹത്ത്വമാണ്. ജ്ഞാനത്തിന്റെ പുസ്തകത്തിൽ സൂര്യന്റെ അയനങ്ങൾ മുതൽ സസ്യങ്ങളുടെ ഔഷധഗുണം വരെയുള്ള പ്രപഞ്ച ജ്ഞാനം ദൈവദാനമാണെന്നു പ്രസ്താവിച്ചിരിക്കുന്നു (6,17-21).

പ്രപഞ്ചം ഒരു വലിയ ദൈവാലയമാണെന്നുള്ള സങ്കല്പം സങ്കീർ ത്തനങ്ങളിൽ ഉടനീളം നിഴലിക്കുന്നുണ്ട്. ദൈവാരാധനയിൽ പ്രധാന പുരോഹിതനായ മനുഷ്യനോടൊപ്പം മററു സൃഷ്ടികളെല്ലാം പങ്കാളികളാകാൻ ക്ഷണിക്കപ്പെടുന്നു: "ഭൂമി മുഴവൻ കർത്താവിന് ആനന്ദഗീതം ആലപിക്കട്ടെ; സമുദ്രവും അതിലുള്ള സകലവും ഭൂമിയും അതിലെ നിവാസികളും ഉച്ചത്തിൽ സ്വരമുയർത്തട്ടെ" (സങ്കീ 98,4,7) ദാനിയേലിന്റെ 3,3-22 വരെയുള്ള വാക്യങ്ങളിലെ മൂന്ന് യുവാ ക്കന്മാരുടെ കീർത്തനം സർവസൃഷ്ടികളെയും ദൈവസ്തുതിപ്പിൽ പങ്കുചേർക്കുന്നു.

ദൈവം മനുഷ്യരും പ്രപഞ്ചവുമായി നടത്തുന്ന ഉടമ്പടിയുടെ ഭാഗ മായി പ്രപഞ്ചം തന്നെ ദൈവത്തെ പ്രകീർത്തിക്കുന്നു. "ആകാശം ദൈവത്തിന്റെ മഹത്ത്വം പ്രഘോഷിക്കുന്നു; വാനവിതാനം അവിടത്തെ കരവേല വിളംബരം ചെയ്യുന്നു" (സങ്കീ,19,1). പ്രപഞ്ച സമസ്യകളിലൂടെ ദൈവമഹത്ത്വം പ്രഘോഷിക്കുന്ന മനുഷ്യരെയും (സങ്കീ,104) പഴയനിയമത്തിലുടനീളം കാണാൻ കഴിയും. സകല ചരാചരങ്ങളും ദൈവമെന്ന അധിനാഥന്റെ ദാനങ്ങളാണെന്ന് വിശുദ്ധഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. ഉദാഹരണത്തിന് ഭൂമിയും അതിലെ സമസ്തവസ്തുക്കളും ഭൂതലവും അതിലെ നിവാസികളും കർത്താവിന്റേതാണ്. സമുദ്രങ്ങൾക്കുമുകളിൽ അതിനെ സ്ഥാപി



www.malankaralibrary.com

ച്ചതും അവിടന്നാണ് (സങ്കീ 24,1-2) വനത്തിലെ സർവമൃഗങ്ങളും കുന്നുകളിലെ ആയിരക്കണക്കിന് കന്നുകാലികളും എന്റേതാണ്. ആകാശത്തിലെ പറവകളെ ഞാനറിയുന്നു; വയലിൽ ചരിക്കുന്ന വയെല്ലാം എന്റേതാണ് (സങ്കീ 50,10.11).

### 4.5. പ്രകൃതിയുടെ സ്നേഹിതനായ യേശു

മനുഷ്യർക്കൊപ്പം സർവസൃഷ്ടികൾക്കും വിമോചനം (റോമ 8,18-25) ലഭിക്കുന്ന ജൂബിലി പ്രഖ്യാപിച്ചു കൊണ്ടാണ് യേശു തന്റെ ദൗത്യം ആരംഭിച്ചതുതന്നെ (ലൂക്കാ 4,16-22). തന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും മരണ-ഉത്ഥാനങ്ങളിലൂടെയും അത് നിവൃത്തിയാക്കാൻ അവിടന്നു ശ്രമിച്ചു. ആദിപാപത്തിലൂടെ നഷ്ടപ്പെട്ട പ്രപഞ്ചസന്തുലിതാവസ്ഥയുടെ പുനഃസ്ഥാപനത്തിനാണ് യേശു രക്ഷാകരദൗത്യവുമായി കടന്നുവന്നത്. ദൈവ-മനുഷ്യ- പ്രപഞ്ച ബന്ധത്തിൽ കാത്തുസൂക്ഷിക്കേണ്ട സന്തുലനം യേശുവിന്റെ രക്ഷാകരപദ്ധതിയുടെ കേന്ദ്രബിന്ദുവായി നിലകൊള്ളുന്നു. നല്ലിടയനായ യേശു തന്റെ ലക്ഷ്യം വ്യക്തമാക്കുന്നു: "ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകാനുമാണ്" (യോഹ 10,10) ലോകത്തെ വീണ്ടെടുക്കാനായി കടന്നുവന്ന യേശു തന്റെ ജനനം മുതൽ മരണം വരെ പ്രകൃതിയോട് ചേർന്നാണു നീങ്ങുന്നത്. യേശുവിന്റെ ജനനവാർത്ത അറിയിച്ച നക്ഷത്രങ്ങളും യേശുവിനെ കാണാൻ വരുന്ന ജീവജാലങ്ങളും യേശു പിറന്നുവീണ പുല്ത്തൊട്ടിയും യേശുവും പ്രകൃതിയും തമ്മിലുള്ള ആഴമാർന്ന ബന്ധം സൂചിപ്പിക്കുന്നു. യേശുവിന്റെ മരണനിമിഷ ത്തിൽ സൂര്യൻ ഇരുളുകയും ഭൂമിയിൽ അന്ധകാരം വ്യാപിക്കുകയും സർവജീവജാലങ്ങളും വിലപിക്കുകയും ചെയ്യുമ്പോഴും പ്രപഞ്ചത്തോടു ചേർന്നുനില്ക്കുന്ന യേശുവിനെയാണു കാണുന്നത്. മരുഭൂമിയുടെ ഏകാന്തതയിൽ 40 ദിനരാത്രങ്ങൾ പ്രാർത്ഥനയിൽ ചെലവഴിച്ച് ശുശ്രൂഷയാരംഭിച്ച യേശു മലമുകളിലും കടൽത്തീരത്തും ജനസഞ്ചയ ത്തോട് സർഗാത്മകമായി സംവദിച്ചപ്പോൾ ദൈവികരഹസ്യങ്ങൾ വെളിപ്പെടുത്താൻ പ്രപഞ്ചസമസ്യകളെയാണ് പ്രധാനമായും ഉപയോഗിച്ചത്. ആകാശത്തിലെ പറവകളെയും വയലിലെ ലില്ലികളെയും പരിപാലിക്കുകയും (മത്താ 6,26-30) ഒരു കുരുവി നിലംപതിക്കുന്നതുപോലും അറിയുകയും ചെയ്യുന്ന ദൈവ ത്തെക്കുറിച്ച് യേശു പഠിപ്പിക്കുന്നു (മത്താ 19,29-31, ലൂക്കാ 12,6-8). ഇതിലൂടെ പ്രകൃതിയെ കരുതുന്ന ദൈവത്തിന്റെ ചിത്രമാണ് നമ്മുടെ മുമ്പിൽ വയ്ക്കപ്പെടുന്നത്.



www.malankaralibrary.com

ഞാൻ ഒരു പുതിയആകാശവും പുതിയഭൂമിയും സൃഷ്ടിക്കുന്നു (ഏശ 65,17) വെന്ന് യഹോവ അരുൾചെയ്യുന്നു. ദൈവവും മനുഷ്യരും പ്രപഞ്ചവും തമ്മിലുള്ള ആഴമുള്ള സ്നേഹബന്ധങ്ങളെക്കുറിച്ചുള്ള സൂചന നാമിവിടെ കാണുന്നു. ഇസ്രായേൽ ജനം മുഴുവൻ പ്രതീക്ഷയോടെ കാത്തിരുന്ന ഈ അനുഭവത്തിലേക്കാണ് രക്ഷകനായ യേശു നമ്മെ ആനയിക്കുന്നത്. ഇതിന്റെ സാക്ഷാത്കാരത്തിനായി സർവസൃഷ്ടികളും ആകാംക്ഷയോടെ കാത്തിരിക്കുന്നുവെന്ന് വിശുദ്ധ പൗലോസ് സാക്ഷ്യപ്പെടുത്തുന്നു (റോമാ 8,18.19). വിശുദ്ധ യോഹന്നാൻ പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും ഒരു മുന്നാസ്വാദനം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നുണ്ട് (വെളി 21,1-4) സൃഷ്ടിയുടെ ആരംഭത്തിൽ പറുദീസായിൽ അനുഭവിച്ച ദൈവവും മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള സുകൃതപൂർണമായജീവിതം നമ്മുടെ സ്വപ്നവും ലക്ഷ്യവുമാകുന്നു. നമ്മുടെ സ്വപ്നവും ലക്ഷ്യവുമായ ദൈവരാജ്യം ഈ ലോകത്തുതന്നെ അനുഭവിക്കാൻ ദൈവത്തോടും പ്രകൃതിയോടും ചേർന്നു ജീവിക്കാനുള്ള ആഹ്വാനം സ്വായത്തമാക്കണം.

### 4.6. ദൈവികരക്ഷ; പ്രകൃതിയുടെയും രക്ഷ

പ്രകൃതിക്കു മൂല്യമുണ്ട്; കാരണം, ദൈവത്തിന്റെ രക്ഷയുടെ പാത്രമാണ് പ്രപഞ്ചം. യഥാർത്ഥത്തിൽ വളരെ സമഗ്രമായ ഒരു കാഴ്ചപ്പാടാണ് ബൈബിളിൽ രക്ഷയെക്കുറിച്ചുള്ളത്. രക്ഷ (റോമാ 3, 24) സൂചിപ്പിക്കാൻ പല പദങ്ങളും ബൈബിളിലുണ്ട് എന്നതുതന്നെ അതിന്റെ സൂചനയാണ്. ഉദാഹരണത്തിന്, വിമോചനം, അനുരഞ്ജനം (റോമാ 5,11), ദൈവരാജ്യം, സ്വർഗം, നീതിമത്കരണം (റോമാ 1,17) തുടങ്ങിയവ. അതുപോലെതന്നെ രക്ഷയ്ക്ക് വളരെ വിശാലമായ അർത്ഥപരിധിയാണ് ബൈബിളിലുള്ളത്. രക്ഷ വ്യക്തിപരവും സാമൂഹികവുമായ മാറ്റം അർത്ഥമാക്കുന്നു. നഷ്ടപ്പെട്ട ബന്ധങ്ങൾ തിരിച്ചു പിടിക്കുന്നതും മുറിവുകൾ ഉണക്കുന്നതും രക്ഷയുടെ അടയാളങ്ങളാണ്. രക്ഷയുടെ ഏറെ ബൃഹത്തായ സാമൂഹിക പരിണാമം വ്യക്തമാക്കുന്ന വാക്കുകളാണ് "ചെന്നായും ആട്ടിൻകുട്ടിയും ഒന്നിച്ചുവസിക്കും. പുള്ളിപ്പുലി കോലാട്ടിൻകുട്ടിയോടുകൂടെ കിടക്കും. പശുക്കിടാവും സിംഹക്കുട്ടിയും ഒന്നിച്ചു മേയും. ഒരു ശിശു അവയെ നയിക്കും. പശുവും കരടിയും ഒരിടത്തു മേയും. അവയുടെ കുട്ടികൾ ഒന്നിച്ചു കിടക്കും. സിംഹം കാളയെപ്പോലെ വൈക്കോൽ തിന്നും. മുലകുടിക്കുന്ന ശിശു സർപ്പപ്പൊത്തിനു മുകളിൽ കളിക്കും. മുലകുടി മാറിയ



www.malankaralibrary.com

കുട്ടി അണലിയുടെ അളയിൽ കൈയിടും. എന്റെ വിശുദ്ധഗിരിയിൽ ആരും ദ്രോഹമോ നാശമോ ചെയ്യുകയില്ല" (ഏശ 11,6-9)എന്നത്.

ബൈബിളിലെ രക്ഷാദർശനം ഇതുപോലെ വിശാലമാണെങ്കിലും ജനകീയമായ ദൈവശാസ്ത്രപ്രയോഗങ്ങൾ ദൈവം നല്കുന്ന രക്ഷയുടെ വ്യാപ്തി അപകടകരമാം വിധം വെട്ടിച്ചുരുക്കി. ആദ്യം അതിനെ മനുഷ്യരക്ഷ മാത്രമാക്കി മനസ്സിലാക്കി; പിന്നീട് മനുഷ്യരക്ഷ ആത്മരക്ഷയാക്കി പരിമിതപ്പെടുത്തി. ആത്മരക്ഷയെപ്പറ്റി പറഞ്ഞു പറഞ്ഞ് ശരീരം രക്ഷാപദ്ധതിക്കു പുറത്തായി. പക്ഷേ സർവ പ്രപഞ്ചത്തെയും ഉൾപ്പെടുത്തുന്ന സമഗ്രമായ രക്ഷാദർശനമാണ് വിശുദ്ധ പൗലോസ് അവതരിപ്പിച്ചത്. രക്ഷയെ വിമോചനമായി മനസ്സിലാക്കിക്കൊണ്ട് വിശുദ്ധ പൗലോസ് സർവപ്രപഞ്ചത്തിന്റെയും വിമോചനത്തെക്കുറിച്ചാണു പറഞ്ഞത്. സൃഷ്ടപ്രപഞ്ചം ദൈവമക്കളുടെ വെളിപ്പെടുത്തലിനെ ആകാംക്ഷാപൂർവം കാത്തിരിക്കുന്നു... സൃഷ്ടി ജീർണതയുടെ അടിമത്തത്തിൽ നിന്ന് മോചിതമാകുകയും ദൈവമക്കളുടെ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യും. സമസ്തസൃഷ്ടികളും ഒന്നുചേർന്ന് ഇതുവരെയും ഈറ്റുനോവനുഭവിക്കുകയും നെടുവീർപ്പിടുകയും ചെയ്യുന്നു എന്ന് നമുക്കറിയാം. സൃഷ്ടി മാത്രമല്ല, ആത്മാവിന്റെ ആദ്യഫലം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരങ്ങളുടെ വീണ്ടെടുപ്പാകുന്ന പുത്രത്വലബ്ധി പ്രതീക്ഷിച്ചുകൊണ്ട് ആന്തരികമായി വിലപിക്കുന്നു (റോമാ 8,19-23). രക്ഷയെ അനുരഞ്ജനമായി മനസ്സിലാക്കിക്കൊണ്ട് വിശുദ്ധ പൗലോസ് പറയുന്നു, സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ *'വസ്തുക്കളെയും'* അവനിലൂടെ അവിടന്ന് തന്നോട് അനുരഞ്ജിപ്പിക്കുകയും അവൻ കുരിശിൽ ചിന്തിയ രക്തംവഴി സമാധാനം സ്ഥാപിക്കുകയും ചെയ്തു (കൊളോ 1,20). വിശുദ്ധ പൗലോസ് തുടർന്നു പറയുന്നു, ഇത് കാലത്തിന്റെ പൂർണതയിൽ സ്വർഗത്തിലും ഭൂമിയിലുമുള്ള *'എല്ലാറ്റിനെയും'* ക്രിസ്തുവിൽ ഒന്നിപ്പിക്കുന്നതിനുവേണ്ടിയത്രേ (എഫേ 1,10). നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോ 16,15) എന്ന ആഹ്വാനത്തിലൂടെ പ്രപഞ്ചം മുഴുവൻ വീണ്ടെടുക്കാനുള്ള ദൈവികപദ്ധതിയാണ് നാം കാണുന്നത്.

രണ്ടാം നൂറ്റാണ്ടിലെ സഭാപിതാവായ വിശുദ്ധ ഇരണേവൂസ് ഇക്കാര്യം കുറച്ചെങ്കിലും വിശദീകരിച്ചിട്ടുണ്ട്: മനുഷ്യരെയും സകല സൃഷ്ടികളെയും ക്രിസ്തു തന്നിൽ ഒന്നിപ്പിക്കുന്നു. എന്നാലും സകല സൃഷ്ടികളുടെയും രക്ഷയുടെ ദൈവശാസ്ത്രം ഇപ്പോഴും വേണ്ടപോലെ വ്യക്തമാക്കപ്പെട്ടിട്ടുണ്ടെന്നു തോന്നുന്നില്ല. ഇതിന്റെ



www.malankaralibrary.com

ഫലമായി ദൈവത്തിന്റെ രക്ഷാപദ്ധതിയിലെ ആദ്യത്തെയും അവ സാനത്തെയും ഓഹരിക്കാരായി മനുഷ്യർ മാറി; മറ്റൊന്നിനും അതിൽ പങ്കില്ലാത്ത സ്ഥിതി വന്നു. ക്രിസ്തീയ ആത്മീയതയുടെ പരിപ്രേക്ഷ്യ ത്തിൽ ഇപ്പോഴും ദൈവവും സ്വന്തം ആത്മാവുമേയുള്ളൂ. ഭൂമിയിൽ ഇഴയുന്ന പുഴുവോ ആകാശമേലാപ്പിലെ നക്ഷത്രക്കൂട്ടമോ ഒന്നും ദൈവത്തിന്റെ രക്ഷാപദ്ധതിയിലെ വിഷയങ്ങളായി കണക്കാക്കപ്പെ ടുന്നില്ല. പ്രകൃതിയുടെ ഉപയോഗമൂല്യത്തിനപ്പുറം അതിന്റെ ആന്തരി കമൂല്യത്തിന് മറ്റൊരു കാരണം കൂടിയുണ്ട്. ദൈവശാസ്ത്രപര മെന്നതിനെക്കാൾ ഒരുപക്ഷേ, യോഗാത്മകമായി മനസ്സിലാക്കേണ്ട താണത്. ഫ്രഞ്ച് ശാസ്ത്രകാരനും ചിന്തകനും മിസ്റ്റിക്കുമായ തെ യാർദ്ദ് ഷർദ്ദാൻ (1881-1955) പ്രാപഞ്ചിക ക്രിസ്തുവിനെപ്പറ്റി എഴുതി യിട്ടുണ്ട്. കിസ്തുവിന് പ്രപഞ്ചത്തോളം വ്യാപിക്കുന്ന ഒരു ശരീര മുണ്ടായിരുന്നുവെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. ഷർദ്ദാന്റെ വാക്കു കളിൽ പൂർണക്രിസ്തുവിൽ ദൈവവും മനുഷ്യനും മാത്രമല്ല ഉള്ളത്. ക്രിസ്തു സർവപ്രപഞ്ചത്തെയും തന്നിലേക്ക് കൂട്ടിച്ചേർക്കുന്നു. അതാ യത്, പ്രപഞ്ചം ക്രിസ്തുവിന് ഒരു മൂന്നാംപ്രകൃതി പോലെയാണ്; മാനുഷികമോ ദൈവികമോ അല്ലാത്ത പ്രാപഞ്ചിക പ്രകൃതി.

### 5. പ്രകൃതിയിലെ ദൈവസാന്നിദ്ധ്യം

പ്രകൃതിക്ക് പ്രകൃത്യതീതമായ കാരണങ്ങളാൽ സവിശേഷമായ മൂല്യമുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് സൃഷ്ടപ്രപഞ്ചത്തിലെ ദൈവസാന്നിദ്ധ്യം. പ്രകൃതിയിൽ ദൈവം വസിക്കുന്നുവെന്നത് ദൈവ ശാസ്ത്രപാരമ്പര്യത്തിന് അന്യമോ വിരുദ്ധമോ ആയ നിലപാടല്ല.[1] വിശുദ്ധ പൗലോസിന്റെ വാക്കുകളിൽ: "സകലതിലുമുപരിയും സകലതിലൂടെയും സകലതിലും വർത്തിക്കുന്നവനും നമ്മുടെയെല്ലാം പിതാവുമായ ദൈവം ഒരുവൻ മാത്രം" (എഫേ 4,6). 553-ലെ രണ്ടാം കോൺസ്റ്റാന്റിനോപ്പിൾ കൗൺസിൽ പരിശുദ്ധ ത്രിത്വത്തെക്കുറിച്ചു പഠിപ്പിച്ചതിൽ സകലതും ദൈവത്തിൽ എന്നത് വ്യക്തമാക്കുന്നുണ്ട്. പ്രകൃതിയിലുള്ള ദൈവസാന്നിദ്ധ്യത്തെക്കുറിച്ച് വിശുദ്ധ തോമസ് അക്വീനാസ് ശക്തമായ ആവിഷ്കാരം നടത്തുന്നുണ്ട്. ശരീരത്തിൽ ആത്മാവ് എങ്ങനെ വസിക്കുന്നുവോ അതേ രീതിയിൽ ഭൂമിയിൽ ദൈവം വസിക്കുന്നുവെന്ന് എഴുതാൻ അക്വീനാസ് മടിച്ചില്ല.[2] പ്രകൃതി ദൈവത്തിന്റെ ദർപ്പണമാണെന്ന് വിശുദ്ധ ബൊനവെഞ്ചർ എഴുതി. ഒരുപടി കൂടിക്കടന്ന്, പ്രകൃതി ദൈവത്തിന്റെ ദർപ്പണം മാത്രമല്ല പദാർത്ഥത്തിന്റെ ഓരോ കണികയിലും ദൈവത്തിന്റെ സാന്നിദ്ധ്യം ഉൾക്കൊള്ളുന്നുവെന്ന് ഡൺസ്കോട്ടസ് പഠിപ്പിച്ചു. ഇതേ ആശയം



www.malankaralibrary.com

മറ്റു വാക്കുകളിൽ ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ അവതരിപ്പിക്കുന്നു. ദൈവവചനപ്രേരിതരായി നാം ലോകത്തിൽ ഇടപെട്ടാൽ സർവതും ആരിലൂടെ സൃഷ്ടിക്കപ്പെട്ടോ ആ വചനത്തിന്റെ അംശങ്ങൾ പ്രപഞ്ചത്തിൽ കണ്ടെത്താൻ നമുക്കു കഴിയും.[4] യുവജനങ്ങൾക്കായി തയ്യാറാക്കിയ മതബോധനഗ്രന്ഥത്തിൽ അദ്ദേഹമെഴുതി: "ദൈവത്തിന്റെ കൈപ്പട അവിടത്തെ സൃഷ്ടിയിൽ വായിക്കാം".[5] പ്രകൃതിയിൽ ദൈവത്തെ കാണാനായാൽ അത് പ്രകൃതി യോടുള്ള നമ്മുടെ ആഭിമുഖ്യങ്ങൾ മാറ്റിമറിക്കും. അങ്ങനെ വന്നാൽ പ്രകൃതിയോടുള്ള നമ്മുടെ മനോഭാവം ആദരപൂർവകമായിരിക്കും, അതൊരിക്കലും ചൂഷണപരമായിരിക്കുകയില്ല.

6. പ്രകൃതിവസ്തുക്കളുടെ ഉപയോഗം

പ്രകൃതിവിഭവങ്ങൾ ഉപയോഗിക്കാതെ മനുഷ്യവർഗത്തിന് അതിജീവനമില്ല. ഉത്പത്തിപുസ്തകത്തിലെ സൃഷ്ടിവിവരണ മനുസരിച്ച് ദൈവനിയോഗത്തിന്റെ ഭാഗമാണത്. സസ്യങ്ങളെയും മൃഗങ്ങളെയും ഭക്ഷിക്കാൻ മനുഷ്യന് അനുവാദമുണ്ട്. എന്നാലും മൃഗങ്ങളെ പീഡിപ്പിക്കാനോ മനുഷ്യർക്കുചേരാത്തവിധം അവയെ സൂക്ഷിക്കാനോ അനുവാദിമല്ല. അത് സൃഷ്ടിയുടെ മഹത്ത്വത്തിനു വിരുദ്ധമാണ്. അത്യാഗ്രഹം മൂലം അവിവേകത്തോടെ ഭൂമിയെ ചൂഷണം ചെയ്യുന്നതുപോലെ തന്നെ[6]

ജീവജാലങ്ങളുടെ ഭാവിയെ മാനിച്ചുകൊണ്ട് വിഭവവിനിയോഗം നടത്തണമെന്നു സൂചിപ്പിക്കുന്ന ഭാഗങ്ങൾ പഴയനിയമത്തി ലുണ്ട്: കുഞ്ഞുങ്ങളുടെയോ മുട്ടകളുടെയോമേൽ തള്ളപ്പക്ഷി അടയിരിക്കുന്ന ഒരു പക്ഷിക്കൂട് വഴിയരികിലുള്ള ഏതെങ്കിലും വൃക്ഷത്തിലോ നിലത്തോ കാണാനിടയായാൽ കുഞ്ഞുങ്ങളോടുകൂടെ തള്ളയെ എടുക്കരുത്. തള്ളപ്പക്ഷിയെ പറന്നുപോകാൻ അനുവദിച്ച തിനുശേഷം കുഞ്ഞുങ്ങളെ നിനക്കെടുക്കാം (നിയ 22,6.7). യുദ്ധ കാലങ്ങളിൽ നഗരങ്ങൾ ഉപരോധിക്കേണ്ടിവരുമ്പോൾ അതിലെ വൃക്ഷങ്ങളിലൊന്നും കോടാലികൊണ്ട് വെട്ടി നശിപ്പിക്കരുതെന്ന് യഹോവ അനുശാസിക്കുന്നു (നിയ 20,19).

വികസനപ്രവർത്തനങ്ങൾക്കും വിഭവങ്ങൾ അനിവാര്യമാണ്. അതേ സമയം ഏറ്റവുമധികം പ്രകൃതിചൂഷണം നടക്കുന്നതും വികസന ത്തിന്റെ പേരിലാണ്. പരിസ്ഥിതിയെ മാനിക്കുന്ന വികസനനയമാണ് നമുക്കാവശ്യം. സുസ്ഥിരവികസനമെന്ന പ്രയോഗത്തിൽ ഇതും



www.malankaralibrary.com

സാധാരണഗതിയിൽ ഉൾപ്പെടുന്നതാണ്. വിഭവവിനിയോഗത്തിനും ബാധകമായ ഒരു പൊതുനിയമം രണ്ടാം വത്തിക്കാൻ കൗൺസിൽ സൂചിപ്പിക്കുന്നുണ്ട്: ഓരോ മാനുഷികപ്രവൃത്തിയും ദൈവത്തിന്റെ പദ്ധതിയോടും ഹിതത്തോടും മനുഷ്യവംശത്തിന്റെ യഥാർത്ഥനന്മയോടും ചേർന്നതാകണം.[7] വികസനശ്രമങ്ങളുടെ പ്രായോഗികവശം മാനിച്ചുകൊണ്ട് ജോൺപോൾ രണ്ടാമൻ പാപ്പാ പറഞ്ഞു: "പ്രകൃതി വിഭവങ്ങൾ ഉപയോഗിക്കുന്ന ഓരോ സാമ്പത്തിക പ്രവർത്തനവും പരിസ്ഥിതിസംരക്ഷണത്തോടു താത്പര്യം കാണിക്കണം. അതിനു വരുന്ന ചെലവുകൾ യഥാർത്ഥ ചെലവിന്റെ ഭാഗമായി കണക്കാക്കണം".[8]

## 7. പ്രപഞ്ചവീക്ഷണം സഭാപിതാക്കന്മാരിൽ

### 7.1. വിശുദ്ധ അപ്രേം

നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വിശുദ്ധ അപ്രേമിന് വേദപുസ്തകത്തിലും പ്രകൃതിയിലുമുള്ള പ്രതീകങ്ങൾ ദൈവത്തിലേക്കുള്ള ഒരുവന്റെ യാത്രയിലെ ഉപകരണങ്ങളായി കാണാൻ സാധിച്ചതിനാൽ, അദ്ദേഹം എക്കോ-ദൈവശാസ്ത്രജ്ഞനായി അറിയപ്പെടുന്നു. നിങ്ങൾ എവിടെ നോക്കിയാലും അവിടെയെല്ലാം ദൈവത്തിന്റെ പ്രതീകങ്ങൾ കാണാം. നിങ്ങൾ എന്തുവായിച്ചാലും അവിടെയെല്ലാം ദൈവത്തിന്റെ പ്രതിരൂപങ്ങൾ കാണാം.[9] പരിശുദ്ധ മറിയം മിശിഹായെ ശരീരത്തിൽ നല്കിയപ്പോൾ സൃഷ്ടലോകം മിശിഹായെ പ്രതീകങ്ങളിലൂടെ നല്കി.[10] മാർ അപ്രേമാണ് പരിസ്ഥിതി വീക്ഷണങ്ങൾ ഉൾക്കൊള്ളുന്ന ദൈവശാസ്ത്രചിന്തകളും ലോകം, പ്രപഞ്ചം എന്നിവയെക്കുറിച്ച് ഏറ്റവും ആഴമുള്ളതും ആകർഷകവുമായ വീക്ഷണവും മറ്റാരെയുംകാൾ കൂടുതലായി അവതരിപ്പിച്ചിട്ടുള്ളത്.

പ്രപഞ്ചം മുഴുവൻ ദൈവത്തിന്റെ കൃപയാൽ നിറഞ്ഞിരിക്കുന്നു. ദൈവത്തിന്റെ പ്രതീകങ്ങളാണവയെല്ലാം. എല്ലാ പ്രതീകങ്ങളും അടയാളങ്ങളും ആത്യന്തികമായി വന്നുചേരുന്നത് മിശിഹായിലാണ്. പ്രതീകങ്ങളിൽ നിന്ന് യാഥാർഥ്യത്തിലേക്കു യാത്ര ചെയ്യുക എന്നതാണ് നമ്മുടെ ദൗത്യം. പ്രപഞ്ചം മുഴുവൻ രക്ഷ പ്രതീക്ഷിച്ചു കഴിയുകയാണ്. ഓരോ സൃഷ്ടജാലവും അതിന്റെ പ്രകൃതിക്കു ചേർന്നവിധമാണ് രക്ഷപ്രാപിക്കേണ്ടത്. മനുഷ്യൻ രക്ഷപ്രാപിക്കേണ്ടത് മിശിഹായോടു ചേർന്നാണ്. മറ്റു ജീവജാലങ്ങൾ അന്ത്യദിനത്തിലെ നവീകരണത്തിലൂടെയാണെന്നും മാർ അപ്രേം നമ്മെ ഓർമ്മപ്പെടുത്തുന്നു.



www.malankaralibrary.com

### 7.2. നിനുവേയിലെ ഐസക്ക്

എളിയ മനുഷ്യർ വന്യമൃഗങ്ങളെ സമീപിക്കുന്നു. അവ അവനെ കാണുമ്പോൾത്തന്നെ അവയുടെ വന്യതയും മൃഗീയതയും ശാന്തമാക്കുന്നു. അവ അവരുടെ യജമാനന്റെ പക്കലേക്കെന്നപോലെ വരുന്നു, വാലാട്ടിക്കൊണ്ട്, കൈ നക്കിക്കൊണ്ട്, കാലുമുത്തിക്കൊണ്ട്. പാപം ചെയ്യുന്നതിനു മുമ്പ് അവനിൽ നിന്നു പരന്ന നറുമണം അവൻ ഇപ്പോൾ അനുഭവിക്കുന്നു. ആദം മൃഗങ്ങളെ പേരു ചൊല്ലിവിളിച്ചപ്പോൾ ഈ അടുപ്പം ഉണ്ടായിരുന്നു. ഈ നറുമണം നമ്മിൽ നിന്ന് എടുത്തുമാറ്റിയിരുന്നു. എന്നാൽ ഈശോ അതിനെ പരിഹരിച്ച് നമുക്കു തിരിച്ചു തന്നു. ഇതാണ് മനുഷ്യവർഗത്തെ മധുരതരമാക്കുന്നത്.[11]

### 7.3. ജോൺ ഡമഷീൻ

എല്ലാ പദാർത്ഥത്തെയും ഞാൻ ബഹുമാനിക്കുന്നു. എന്റെ രക്ഷ അതിലൂടെയാണ്. അതിൽ ദൈവത്തിന്റെ കൃപയുണ്ട്. ഏറ്റവും അനുഗൃഹീതമായ കുരിശിന്റെ തടി പദാർത്ഥമല്ലേ? പരിശുദ്ധവും പരിപാവനവുമായ കാൽവരിമല പദാർത്ഥമല്ലേ? ജീവദായകമായ പാറ, പരിശുദ്ധ കുഴിമാടം പദാർത്ഥമല്ലേ? സുവിശേഷപുസ്തകം പദാർത്ഥമല്ലേ? ജീവന്റെ കൂദാശ പരികർമ്മം ചെയ്യുന്ന മേശ പദാർത്ഥമല്ലേ?കാസായും പീലാസായും നിർമ്മിക്കുന്ന സ്വർണം പദാർത്ഥമല്ലേ? അവസാനമായി, മിശിഹായുടെ ശരീരവും രക്തവും പദാർത്ഥമല്ലേ? പദാർത്ഥത്തെ പുച്ഛിക്കരുത്. അത് പുച്ഛിക്കപ്പെടേണ്ടതല്ല.[12]

### 7.4. മഹാനായ അംബ്രോസ്

പ്രകൃതി എല്ലാ കാര്യങ്ങളും മനുഷ്യന് പൊതുവിൽ നല്കിയിരിക്കുന്നു. എല്ലാവർക്കും ഭക്ഷണം ആവശ്യമാണെന്നു കണ്ടാണ് ദൈവം എല്ലാ വിഭവങ്ങളും ഒരുക്കിയത്. ഭൂമി മനുഷ്യന്റെ പൊതുസ്വത്താണ്. പ്രകൃതി ഒരു പൊതുനിയമമാണ് കൊണ്ടുവന്നിരിക്കുന്നത്. പക്ഷേ അത്യാർത്തി അതിനെ സ്വകാര്യ അവകാശമാക്കി.[13]

### 7.5. മററു സഭാപിതാക്കന്മാർ

വിശുദ്ധ ബസേലിയോസ്, വിശുദ്ധ അന്തോനിയോസ്, വിശുദ്ധ ജെറോം, വിശുദ്ധ ആഗസ്തീനോസ് മുതലായ താപസന്മാരും മിസ്റ്റിക്കുകളും വിശുദ്ധ ഫ്രാൻസീസ് അസ്സീസിയെപ്പോലുള്ള വിശുദ്ധരും പ്രപഞ്ചവസ്തുക്കൾ തങ്ങളുടെ ആത്മീയ അന്വേഷണങ്ങളിൽ സമർത്ഥമായി ഉൾച്ചേർത്തവരാണ്. നമ്മൾ ദൈവമക്കളും, പരസ്പപരം



www.malankaralibrary.com

സഹോദരരും ആയിരിക്കുന്നതുപോല മററു പ്രപഞ്ചവസ്തുക്കളെയും സഹോദരങ്ങളായി കാണാൻ അസ്സീസിയലെ പുണ്യവാനു കഴിഞ്ഞു. ജർമ്മൻമിസ്റ്റിക്കുകളായ മൈസ്റ്റർ എക്കാർട്ട് (1260-1327), ഹിൽഡെഗാർഡ് ഓഫ് ബിങ്ങൻ (1098-1179) തുടങ്ങിയവരും ദൈവശാസ്ത്രജ്ഞനായ തോമസ് അക്വീനാസും (1225-1274) പ്രകൃതിയോട് തുറവുള്ളവരായിരുന്നു. ചെറിയ പുല്ക്കൊടി പോലും ദൈവത്തെക്കുറിച്ച് നമ്മെ ഓർമ്മപ്പെടുത്തുന്നുവെന്ന് വിശുദ്ധ ബേസിൽ (330-379) എഴുതി.

## ള. പരിസ്ഥിതിസംരക്ഷണവും ധാർമ്മികതയും

ദൈവവുമായുള്ള മനുഷ്യരുടെ ബന്ധത്തകർച്ചയാണ് പാപത്തിന്റെ ആത്യന്തിക മാനം. മനുഷ്യരുമായുള്ള നമ്മുടെ ബന്ധം ഉലയുന്നത് ദൈവവുമായുള്ള ബന്ധത്തെ ബാധിക്കുമെന്നത് വ്യക്തമാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യർ ദൈവത്തിന്റെ പ്രതിനിധികളായിപ്രവർത്തിക്കേണ്ടവരാണ്. ദൈവഹിതം ലംഘിച്ചുകൊണ്ടുള്ള പ്രകൃതിയുടെ ഉപഭോഗമാണ് പ്രഥമ പാപം. എന്നാൽ പ്രകൃതിയുമായുള്ള ബന്ധം താറുമാറാക്കുന്നത് പാപകരമാണെന്ന് ഇന്നും നമുക്ക് വലിയ ബോധ്യമില്ല. ദൈവവുമായുള്ള മനുഷ്യരുടെ ബന്ധത്തിൽ സാധാരണഗതിയിൽ മണ്ണും മരങ്ങളും കയറിവരുന്നില്ല; കാരണം മനുഷ്യന്റെ ജീവൽപങ്കാളിയായി പ്രകൃതിയെ നാം കാണുന്നില്ല എന്നതു തന്നെ. പ്രകൃതിയെ അശ്രദ്ധമായി നശിപ്പിക്കുന്നത് പാപകരമാണെന്നു നാം കരുതുന്നില്ല. മാരകമായ വിഷംതളിച്ച് പച്ചക്കറിയുണ്ടാക്കി വില്ക്കുന്നത് ഏറ്റുപറയേണ്ട പാപങ്ങളുടെ പട്ടികയിൽ വരുന്നില്ല. ഏഴ് സാമൂഹിക മൂലപാപങ്ങളുടെ പട്ടിക വത്തിക്കാൻ 2008-ൽ പുറത്തിറക്കിയിരുന്നു. അതിലൊന്ന് പ്രകൃതിയെ മലിനമാക്കുന്നതാണ്. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിൽ മോഷ്ടിക്കരുത് എന്ന 7-ാം കല്പനയെപ്പറ്റി പ്രതിപാദിക്കുന്നിടത്ത് പരിസ്ഥിതിയെയും മൃഗങ്ങളെയും നാം എങ്ങനെ ഉപയോഗിക്കുന്നുവെന്നത് പരിചിന്തനത്തിന് വിഷയമാക്കിയിരിക്കുന്നു. ഭൂമിയുടെമേൽ ആധിപത്യമുണ്ടായിരിക്കട്ടെ (ഉൽപ 1,28) എന്നതിന് പ്രകൃതിയെ തന്നിഷ്ടം പോലെ കൈകാര്യം ചെയ്യാൻ വ്യവസ്ഥാതീതമായ അവകാശമുണ്ടെന്ന് അർത്ഥമില്ല. മനുഷ്യൻ ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടവനാകയാൽ അജപാലകനെപ്പോലെയും കാര്യസ്ഥനെപ്പോലെയും ദൈവത്തിന്റെ സൃഷ്ടപ്രപഞ്ചം പരിപാലിക്കണം[14] മൃഗങ്ങളും ദൈവത്തിന്റെ സചേതനസൃഷ്ടികളാണ്. അവയെ



www.malankaralibrary.com

പിഡിപ്പിക്കുന്നതും സഹിക്കാൻ അവയെ അനുവദിക്കുന്നതും ഉപകാരമില്ലാതെ അവയെ കൊല്ലുന്നതും പാപമാണ്[15] എന്നു ബെനഡിക്ട് 16-ാമൻ മാർപാപ്പാ പഠിപ്പിക്കുന്നു. ചുരുക്കത്തിൽ, ദൈവവുമായുള്ള നമ്മുടെ ബന്ധത്തെ നിഷേധാത്മകമായി ബാധിക്കാൻ പോരുന്നതാണ് പ്രകൃതിക്കെതിരേയുള്ള നമ്മുടെ നിലപാടുകൾ.

**9. പരിസ്ഥിതി ആത്മീയത**

നമ്മുടെ ആത്മീയജീവിതത്തിന്റെ ഏറ്റവും ഇന്ദ്രിയബദ്ധമായ മാധ്യമമാണ് പ്രകൃതി. അതായത്, ദൈവവുമായി മനുഷ്യർക്ക് ബന്ധം സ്ഥാപിക്കാൻ സഹായിക്കുന്ന ഉപാധിയാണ് പ്രപഞ്ചം. പ്രപഞ്ചത്തെയും പ്രകൃതിയെയും നമ്മുടെ ആത്മീയശത്രുക്കളായല്ല ബൈബിൾ മനസ്സിലാക്കുന്നത്. മറിച്ച്, മനുഷ്യന്റെ ആത്മീയയാത്രയിലെ കൂട്ടാളികളാണവർ. പഴയനിയമത്തിലെ പ്രാർത്ഥനാസമാഹാരമായ സങ്കീർത്തനങ്ങളിൽ തന്റെ പ്രാർത്ഥനാവികാരങ്ങൾ പ്രകൃതിവസ്തുക്കളിലേക്കു കൈമാറി അവയോട് പ്രാർത്ഥിക്കാൻ സങ്കീർത്തകൻ ആവശ്യപ്പെടുന്നുണ്ട്. ഉദാഹരണത്തിന്: ആകാശം ആഹ്ളാദിക്കട്ടെ, ഭൂമി ആനന്ദിക്കട്ടെ. സമുദ്രവും അതിലുള്ളവയും ആർപ്പുവിളിക്കട്ടെ! വയലും അതിലുള്ളവയും ആഹ്ളാദിക്കട്ടെ! അപ്പോൾ കർത്താവിന്റെ സന്നിധിയിൽ വനവൃക്ഷങ്ങൾ ആനന്ദഗീതം ഉതിർക്കും. എന്തെന്നാൽ അവിടന്നു വരുന്നു (സങ്കീ 96,11-13).

പഴയനിയമത്തിലെ പ്രകൃതിയോടുള്ള ആത്മീയ അനുഭാവം ഈശോ തുടർന്നു. പ്രകൃതിയിൽനിന്നു മാറി അല്ലെങ്കിൽ പ്രകൃതിക്കു വിരുദ്ധമായി ഒരു ദൈവികമേഖല സൃഷ്ടിക്കാൻ ഈശോ തുനിഞ്ഞില്ല. ഈശോയുടെ വ്യക്തിപരമായ പ്രാർത്ഥനകൾ എല്ലാംതന്നെ പ്രകൃതിയോടൊത്തായിരുന്നു. ദൈവം സൃഷ്ടിച്ച പദാർത്ഥലോകത്തിൽ ഒന്നിനെയും അവൻ ഹീനമായി കണ്ടില്ല. മനുഷ്യരുടെ ശത്രുവായി ഈശോ കല്പിച്ചത് പ്രപഞ്ചത്തെയും അതിലെ വസ്തുക്കളെയുമല്ല, മറിച്ച് ലോകത്തിന്റെ ദുരാശകളെയാണ്. ഓർക്കണം, മനുഷ്യചരിത്രത്തിന്റെയും ആഗ്രഹങ്ങളുടെയും ബന്ധങ്ങളുടെയും മാനസികവ്യാപാരങ്ങളുടെയും ക്രമീകരണം ഉറപ്പിക്കുന്ന ഒരു സങ്കല്പം മാത്രമാണ് ലോകം.

പ്രകൃതി ദൈവത്തിന്റെ വരദാനമാണെന്നു വിശ്വസിച്ച പൂർവികർ ആദ്യഫലങ്ങൾ നേർച്ചയായി ദേവാലയത്തിൽ സമർപ്പിച്ചിരുന്നു. വിളവെടുപ്പുകാലത്ത് ദേവാലയത്തിൽ സമർപ്പിച്ചിരുന്ന ഫലങ്ങളും



www.malankaralibrary.com

ധാന്യങ്ങളും പ്രത്യേകഅവസരങ്ങളിൽ ദേവാലയത്തിൽ സമർപ്പിക്കുന്ന വളർത്തുമൃഗങ്ങളും അവയുടെ ഉൽപ്പന്നങ്ങളുടെ (പാൽ, മുട്ട) സമർപ്പണവും തങ്ങളുടെ അധ്വാനത്തിനു ലഭിച്ച ദൈവാനുഗ്രഹത്തിനുള്ള കൃതജ്ഞതാബലിയുടെ നിദർശനങ്ങളാണ്. ദേവാലയത്തിൽ സമർപ്പിക്കുന്ന സാധനങ്ങൾ ലേലത്തിലൂടെ വില നല്കി തിരികെ കൊണ്ടുപോകുകയും പങ്കുവച്ച് ഉപയോഗിക്കുകയും ചെയ്ത പൂർവികപാരമ്പര്യം അനുകരണീയമാണ്. കൃഷിഭൂമിയുടെ ഒരുക്കം, വിത്തു ശേഖരണം, വിത്തു പാകി മുളപ്പിക്കൽ, ഫലശേഖരണം തുടങ്ങി കൃഷിയിലൂടെ വിവിധഘട്ടങ്ങളിൽ നടത്തിയിരുന്ന ഒരുക്കങ്ങൾ തലമുറകളായി നാം കാത്തുസൂക്ഷിച്ച പരിസ്ഥിതി ആത്മീയതയുടെ നേർക്കാഴ്ചകളാണ്. വിശുദ്ധകുർബാനയിൽ സമർപ്പിക്കുന്ന അപേക്ഷകളിലൂടെ പ്രപഞ്ചത്തെത്തന്നെയാണ് ദൈവത്തിനു സമർപ്പിക്കുന്നതെന്ന ബെനഡിക്ട് 16-ാമൻ മാർപാപ്പായുടെ വാക്കുകളുടെ പ്രതീകാത്മകമായ അവതാരണമായി ഇതിനെ കാണാൻ കഴിയും.[16]

### 10. മാനുഷികപരിസ്ഥിതിയും നവീനമായ മനോഭാവങ്ങളും

ഒന്നാമതായി, പരിസ്ഥിതിസംരക്ഷണത്തിനുണ്ടാകേണ്ട ഒരു അവശ്യഗുണം അതിന്റെ സമഗ്രതയാണ്. ഇക്കാര്യം ബെനഡിക്റ്റ് പതിനാറാമൻ പാപ്പാ *'സത്യത്തിൽ സ്നേഹം'* എന്ന ചാക്രിക ലേഖനത്തിൽ എടുത്തുപറയുന്നുണ്ട്. സ്വയം പരിഗണിക്കുന്ന രീതിയിലേ മനുഷ്യകുലം പ്രകൃതിയെയും പരിഗണിക്കൂ; അതുപോലെ നേരേ തിരിച്ചും. സംസ്കാരത്തിൽനിന്നും സമൂഹത്തിൽനിന്നും പാടേ വേർപെടുത്തി പ്രകൃതിയെ നമുക്കിന്ന് കാണാനാവില്ല. ഉദാഹരണത്തിന്, ജലം ഉൾപ്പെടെയുള്ള പ്രകൃതിവിഭവങ്ങൾ സ്വന്തമായി ശേഖരിച്ചുകൂട്ടുന്നവർ ഫലത്തിൽ പരിസ്ഥിതി വിരുദ്ധമായി പെരുമാറുകയാണ്.[17] മാർപാപ്പാ തുടരുന്നു: സഭയ്ക്ക് സൃഷ്ട പ്രപഞ്ചത്തോട് ഉത്തരവാദിത്വമുണ്ട്. സഭ അത് പൊതുസമൂഹത്തിൽ പ്രഖ്യാപിക്കണം. ഈ ശ്രമത്തിൽ സഭ പ്രകൃതി വിഭവങ്ങൾ സംരക്ഷിച്ചാൽമാത്രം പോരാ, മനുഷ്യകുലത്തെ സ്വയംനാശത്തിൽനിന്നും രക്ഷിക്കണം. അതിനു മാനുഷിക പരിസ്ഥിതിക്ക് സഭ ഊന്നൽ നല്കണം. അതായത്, ജീവൻ, ലൈംഗികത, കുടുംബം, സാമൂഹികബന്ധങ്ങൾ തുടങ്ങിയവയെ വേണ്ടവിധം മാനിക്കുന്ന സമൂഹമാണ് മാനുഷികപരിസ്ഥിതി ഉറപ്പിക്കുന്നത്.[18] എന്നുവച്ചാൽ, ജീവസംരക്ഷണം എന്ന വലിയ ലക്ഷ്യത്തിന്റെ ഭാഗമാകണം പരിസ്ഥിതിസ്നേഹം. ഭ്രൂണഹത്യയെ



www.malankaralibrary.com

അനുകൂലിക്കുകയും മരം മുറിക്കുന്നതിനെതിരേ വിട്ടുവീഴ്ചയില്ലാത്ത നിലപാടെടുക്കുകയും ചെയ്യുന്നത് സമഗ്രമല്ലാത്ത പ്രകൃതി സ്നേഹത്തിന്റെ അടയാളമാണ്. തെരുവിൽ അലയുന്ന കുട്ടികളെ മറന്ന് അന്യംനിന്നുപോകുന്ന ജീവജാലങ്ങൾക്കായി വാദിക്കുന്നതിൽ അപാകമുണ്ട്. മനുഷ്യന്റെ പൊതുനന്മ അവഗണിക്കുന്നതരം പ്രകൃതിസ്നേഹവും ചോദ്യം ചെയ്യപ്പെടേണ്ടതാണ്. ജോൺ പോൾ രണ്ടാമൻ പാപ്പാ പഠിപ്പിച്ചതുപോലെ, മനുഷ്യമഹത്ത്വത്തിനു മുകളിലായി പ്രകൃതിയെ പ്രതിഷ്ഠിക്കരുത്. സകല ജീവജാലങ്ങൾക്കും ഒരേ മഹത്ത്വമല്ല ഉള്ളത്.[19]

ചുരുക്കത്തിൽ, മനുഷ്യന്റെ സവിശേഷമായ ശ്രേഷ്ഠത മാനിക്കുന്ന പരിസ്ഥിതി സംരക്ഷണ ശ്രമങ്ങളേ സഭയ്ക്ക് സ്വീകാര്യമാകൂ. കാരണം, സമഗ്രമല്ലാത്ത പ്രകൃതിസംരക്ഷണത്തിന് ദൈവശാസ്ത്രത്തിന്റെയും സാമാന്യയുക്തിയുടെയും പിന്തുണയില്ല. മറിച്ചുള്ള ശ്രമങ്ങളൊക്കെ പ്രകൃതിസ്നേഹത്തിന്റെ കാല്പനികപതിപ്പായി അവശേഷിക്കും. അതിനാൽ മാനുഷികപരിസ്ഥിതിയെ മാനിക്കാത്ത പ്രകൃതി സംരക്ഷണശ്രമങ്ങൾ ക്രിസ്തീയസമഗ്രത അവകാശപ്പെടാനാവാത്തതാണ്. മനുഷ്യർ മൃഗങ്ങളോടുള്ള സ്നേഹത്തെ മനുഷ്യരോടുള്ള സ്നേഹത്തിനുമുകളിൽ പ്രതിഷ്ഠിക്കരുതെന്ന ബെനഡിക്ട് 16-ാമൻ പാപ്പായുടെ വാക്കുകൾ ഇവിടെ പ്രസക്തമാണ്.[20]

മുകളിൽപ്പറഞ്ഞ ദൈവശാസ്ത്രധാരണകളുടെ വെളിച്ചത്തിൽ നമുക്ക് നവീനമായ മനോഭാവം പ്രകൃതി സംരക്ഷണത്തോടുണ്ടാകണം; ഒപ്പം പ്രസക്തമായ ജീവിത - പ്രവർത്തനശൈലിയും. പ്രപഞ്ചത്തെക്കുറിച്ച്, അതിൽ മനുഷ്യന്റെ സ്ഥാനത്തെക്കുറിച്ച്, വസ്തുവകകൾ ആദരപൂർവം വിനിയോഗിക്കുന്നതിനെക്കുറിച്ച് ഒക്കെ നമുക്ക് വിശ്വാസപ്രേരിതമായ നിലപാടുകൾ വേണം. നമ്മുടെയിടയിലെ പാപാവസ്ഥയുടെ സ്വാധീനം പരിസ്ഥിതിനാശത്തിലേക്കു നയിക്കാമെന്ന കാഴ്ചപ്പാടും അതിനാൽ പ്രകൃതിയുമായിക്കൂടി രമ്യതയിലാകുമ്പോഴേ അനുരഞ്ജനം പൂർണമാകുന്നുള്ളൂ എന്ന അവബോധവും നമുക്കാവശ്യമുണ്ട്. പ്രകൃതി വെറുമൊരു ഉപഭോഗവസ്തുവല്ലെന്നും അതിന് അതിൽത്തന്നെ മൂല്യമുണ്ടെന്നുമുള്ള ധാരണകൾ നമ്മിൽ സജീവമാകാനുണ്ട്. പ്രകൃതി സംരക്ഷണശ്രമങ്ങളുടെ പ്രതീക്ഷാനിർഭരമായ അടയാളങ്ങൾ ഇക്കാലത്ത് ലോകമെമ്പാടും കാണാനുണ്ട്. പരിസ്ഥിതിസംരക്ഷണ പ്രസ്ഥാനങ്ങൾ, രാഷ്ട്രീയമായ ഇടപെടലുകൾ, മാലിന്യങ്ങൾ



www.malankaralibrary.com

കുറയ്ക്കാനും നീക്കം ചെയ്യാനുമുള്ള ശ്രമങ്ങൾ, വിവിധ തലങ്ങളിലുള്ള ചർച്ചകൾ തുടങ്ങിയവ ഉദാഹരണങ്ങളാണ്.

### 11. നവീനമായ ജീവിതശൈലി

പരിസ്ഥിതിസംരക്ഷണം ആത്യന്തികമായി ഒരു ജീവിതശൈലിയാണ്. വിശ്വാസജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും സ്വാധീനം ചെലുത്തുന്ന ജീവിതശൈലിയായി മാറിയാലേ ഇത് ഫലമണിയൂ. ഏതാനും പ്രതീകാത്മകപ്രവൃത്തികളോ ഒറ്റപ്പെട്ട ചില മുന്നേറ്റങ്ങളോ ഇക്കാര്യത്തിൽ മതിയാവുകയില്ല. ഇതൊരു ജീവിതശൈലിയാകുമ്പോൾ നമ്മുടെ ഭക്ഷണ, താമസ, യാത്രാ, ഊർജ്ജവിനിയോഗ, വിനോദശീലങ്ങളൊക്കെ പുന:ക്രമീകരിക്കേണ്ടിവരും. അപ്പോഴേ പ്രകൃതിസംരക്ഷണം ചലനാത്മകമാകൂ. ഈ സാമൂഹികമാറ്റത്തിന് നേതൃത്വം നല്കുകയും ഇക്കാര്യത്തിൽ സ്വയം മാതൃകയാകുകയുമാണ് സഭയുടെ കടമ. അപ്പം വർദ്ധിപ്പിക്കാനൊരുങ്ങിയ ഈശോ ആദ്യം ചെയ്യുന്നത് വിശന്നുപൊരിഞ്ഞ ആൾക്കൂട്ടത്തെ വിവിധ പന്തികളായി ഇരുത്തുകയാണ് (മർക്കോ 6,30-44). ക്രമരഹിതമായ അവസ്ഥയിൽനിന്ന് ക്രമവും വേർതിരിവും ഉണ്ടാക്കി സൃഷ്ടികർമ്മം നടത്തിയ ദൈവത്തിന്റെ പ്രവൃത്തിയുടെ സാദൃശ്യം നമുക്കിവിടെ കാണാൻ കഴിയും. കൈനിറയെ കിട്ടിയവരും ഒന്നും കിട്ടാത്തവരും കിട്ടിയതു പോരാ എന്ന ബോധ്യമുള്ളവരും ഒന്നുപോലെ പരിമിതമായ പ്രകൃതിവിഭവങ്ങൾക്കുവേണ്ടി മല്ലിടുന്ന സമൂഹമാണ് നമ്മുടേത്. ഇത്തരക്കാർക്കെല്ലാം നീതിപൂർവകമായ ഇരിപ്പിടം കിട്ടുന്ന ഒരു സാമൂഹികക്രമം സൃഷ്ടിക്കാൻ കഴിഞ്ഞാലേ അപ്പം വർദ്ധിപ്പിച്ചു കൊണ്ടിരിക്കുന്ന ദൈവത്തിന്റെ സമൃദ്ധിയിൽനിന്നു ഭക്ഷിച്ച് എല്ലാവർക്കും തൃപ്തരാകാൻ കഴിയൂ. ഈ വമ്പൻയജ്ഞത്തിൽ രാഷ്ട്രത്തോടൊപ്പവും ഒരുവേള രാഷ്ട്രസമൂഹത്തിന് മാതൃകയും പ്രചോദനവുമായി വർത്തിക്കുകയാണ് സഭയുടെ ദൗത്യം.

അവസാനമായി, പരിസ്ഥിതിസംരക്ഷണം സഭാസമൂഹം ഒറ്റയ്ക്ക് ഏറ്റെടുത്തു ചെയ്യേണ്ട ഒന്നല്ല. ആഗോളവ്യാപ്തിയുള്ള ഈ കടമ എല്ലാവരോടും ചേർന്നു നിർവഹിക്കണമെന്ന് ജോൺപോൾ രണ്ടാമൻ പാപ്പാ ഓർമ്മിപ്പിച്ചിട്ടുണ്ട്.



www.malankaralibrary.com

## ENDNOTES


1. CCC 300
2. ST I – II, q. 17, a. 8, ad 2
3. St. Bonaventure, *The Mind's Road to God*, II, 9
4. *Verbum Domini*, 108
5. *YOUCAT* 43
6. *YOUCAT* 57
7. *GS* 35
8. John Paul II, Address to the Twenty-Fifth General Conference of FAO, 16th Nov 1998, 8, AAS 82 (1990) 673
9. *De Virginitate*, 20:12
10. *De Virginitate*, 6:8
11. Murray, *The Cosmic Covenant*, 147
12. Holy Images, 16
13. On the Duties of the Clergy, Book I, Ch. 28, p.132
14. *YOUCAT* 436
15. *YOUCAT* 437
16. *Sacramentum Caritatis,* 92
17. Benedict XVI, *Caritas in Veritate,* 51
18. Ibid
19. John Paul II, Address to the participants in a Convention on The Environment and Health" 24, March, 1997: L'Osservatore Romano, English Edition, 9 April, p.2
20. *YOUCAT*, 437
21. John Paul II, Address to the UN Centre, Nairobi, Kenya (18 August,1985): AAS (1986) 92




www.malankaralibrary.com

# പരിസ്ഥിതിസംരക്ഷണത്തിനുള്ള കർമ്മപരിപാടികൾ

## I സംസ്ഥാന തലത്തിൽ

1. സഭയുടെ പരിസ്ഥിതിദർശനം ദൈവ, മനുഷ്യ, പ്രപഞ്ച ദർശനങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കണം. വേദ പുസ്തകത്തിന്റെയും സഭയുടെ പ്രബോധനങ്ങളുടെയും പശ്ചാത്തലത്തിൽ പരിസ്ഥിതിവിഷയം ഭൗതികതലത്തിൽ മാത്രം കാണാതെ ആത്മീയതലത്തിലും മനസ്സിലാക്കുക.
2. പരിസ്ഥിതിആത്മീയത വികസിപ്പിക്കുക. പ്രകൃതിസംരക്ഷണം ധ്യാനത്തിനും പ്രാർത്ഥനയ്ക്കും വിഷയമാക്കുക.
3. പരിസ്ഥിതിആത്മീയതയുടെ ഭാഗമായി മണ്ണിൽ പണിയെടുത്തു ജീവിക്കുവാൻ പ്രോത്സാഹനം നല്കുക.
4. സൈക്കിൾ, പൊതുഗതാഗതസംവിധാനങ്ങൾ എന്നിവ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുക, വ്യക്തികളുടെ വാഹനങ്ങൾ പൊതുയാത്രയിൽ സഹകരിച്ചുപയോഗിക്കുന്ന രീതിയും പ്രോത്സാഹിപ്പിക്കുക.
5. വൈദിക-സന്ന്യാസപരിശീലനത്തിലും മതബോധനത്തിലും പ്രകൃതിസംരക്ഷണവും മാലിന്യസംസ്കരണവും പരിസ്ഥിതി ആത്മീയതയും ഭാഗമാക്കാൻ നിർദ്ദേശിക്കുക.
6. മാനുഷികവും പ്രകൃതിപരവുമായ പരിസ്ഥിതിസംരക്ഷണത്തിനെതിരായുള്ള തിന്മകളെക്കുറിച്ച് ബോധവത്കരണം നടത്തുക. പരിസ്ഥിതിനശീകരണം ഏറ്റുപറഞ്ഞു കുമ്പസാരിക്കുന്ന രീതി പ്രചരിപ്പിക്കുക.
7. പരിസ്ഥിതിസംബന്ധമായ വിഷയങ്ങളിൽ സഭാനേതൃത്വത്തിന് ആശ്രയിക്കാൻ വിദഗ്ദ്ധരുടെ സ്ഥിരം സമിതിയുണ്ടാക്കുക.
8. അകത്തോലിക്കാ, അക്രൈസ്തവപ്രസ്ഥാനങ്ങളോടും പരിസ്ഥിതി സംരക്ഷണസംഘടനകളോടും ചേർന്ന് പ്രകൃതിസംരക്ഷണത്തിന്റെ പ്രാധാന്യം സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ മണ്ഡലങ്ങളിൽ അവതരിപ്പിക്കുക. പ്രകൃതി നല്കുന്ന ശുദ്ധമായ ജലവും മറ്റുവിഭവങ്ങളും സൂക്ഷ്മതയോടെ ഉപയോഗിക്കാൻ ശീലിപ്പിക്കുക.



www.malankaralibrary.com

9. പരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ച് കേരളീയ സാമൂഹിക പശ്ചാത്തലത്തിൽ ഗവേഷണപഠനങ്ങൾ നടത്തുകയും സാമൂഹിക രാഷ്ട്രീയമണ്ഡലങ്ങളിൽ പരിസ്ഥിതിഅവബോധം വളർത്തുകയും ചെയ്യുക.

10. ലോകപരിസ്ഥിതിദിനം (June 5), ലോകഭൗമദിനം (April 22) വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾദിനമായ October 4-ാം തീയതി (Patron Saint for Enviornment), ഹരിതദിനം എന്നിവ ആചരിക്കാൻ പ്രോത്സാഹിപ്പിക്കുക.

## II രൂപത ഇടവക തലങ്ങളിൽ

1. സഭാകേന്ദ്രങ്ങൾ മെത്രാസനമന്ദിരം, സെമിനാരികൾ, അജപാലന കേന്ദ്രങ്ങൾ, സന്ന്യാസഭവനങ്ങൾ എന്നിവയുടെ പരിസരം വൃത്തിയായും ഹരിതാഭമായും സൂക്ഷിക്കുക.

2. സഭാകേന്ദ്രങ്ങൾ, ഇടവകകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്കു സമീപമുള്ള റോഡിന്റെ ഇരുവശങ്ങളിലും നിയമം അനുവദിക്കുന്ന വിധത്തിൽ മരങ്ങൾ വച്ചുപിടിപ്പിക്കുക.

3. ഹരിതകെട്ടിടനിർമ്മാണം പ്രോത്സാഹിപ്പിക്കുക.

4. സഭാസ്ഥാപനങ്ങൾ PollutionControl Board നല്കുന്ന മാർഗ നിർദ്ദേശങ്ങൾക്കനുസൃതം പ്രവർത്തിപ്പിക്കുന്നതിൽ ശുഷ്കാന്തി പുലർത്തുക.

5. ഫ്ളക്സ്, തെർമോകോൾ എന്നിയുടെ ഉപയോഗം സഭാ സംബന്ധമായ വേദികളിൽ നിഷേധിക്കുക.

6. പ്രകൃതി നല്കുന്ന ശുദ്ധമായ ജലവും പ്രകൃതിവിഭവങ്ങളും സൂക്ഷ്മതയോടെ ഉപയോഗിക്കാൻ ശീലിക്കുക.

7. സഭാസ്ഥാപനങ്ങളിൽ മഴവെള്ളസംഭരണികൾ നിർമ്മിക്കുക, പ്രാദേശിക ജലസ്രോതസ്സുകൾ സംരക്ഷിക്കുക.

8. പരിസ്ഥിതിജന്യമായ ഊർജ്ജസ്രോതസ്സുകൾ പ്രയോജനപ്പെടുത്താൻ ശീലിക്കുക. സൗരോർജ്ജ വിളക്കു കളും വാട്ടർഹീറ്ററുകളും ഉപയോഗിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക.

9. മാലിന്യസംസ്കരണസംവിധാനങ്ങൾ ഏർപ്പെടുത്തുക. ശുചിത്വാവബോധം വളർത്താനുള്ള കർമ്മപരിപാടികൾ ആവിഷ്കരിക്കുക.



www.malankaralibrary.com

10. പൂന്തോട്ടനിർമ്മാണം പ്രോത്സാഹിപ്പിക്കുക. ബയോഗ്യാസ് പ്ലാന്റും പാചകവാതകമുപയോഗിക്കുന്ന സ്റ്റൗവും കഴിയുന്നിടത്തോളം ഉപയോഗിക്കുക. വില കൂടിയപൂക്കൾ ഇറക്കുമതി ചെയ്ത് സഭയിലെ ആരാധനകൾക്കും ആഘോഷങ്ങൾക്കും ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തുക.

11. സാമൂഹികസേവനവിഭാഗത്തിന്റെയും അല്മായ-യുവജന പ്രസ്ഥാനങ്ങളുടെയും നേതൃത്വത്തിൽ പരിസ്ഥിതിസംരക്ഷണ പരിപാടികൾ നടത്തുക, പരിസ്ഥിതിപ്രവർത്തകരെ ആദരിക്കുക.

12. പൊതുസ്ഥലങ്ങളിൽ പരിസ്ഥിതിസംരക്ഷണത്തിന് അനിവാര്യമായ ടോയ്‌ലറ്റ് സൗകര്യങ്ങൾ, മാലിന്യസംസ്കരണസൗകര്യങ്ങൾ എന്നിവ ഇല്ലെങ്കിൽ സ്പോൺസർമാരുടെ സഹായത്തോടെ പഞ്ചായത്തോ നഗരസഭയോ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ ഇതിനുള്ള സൗകര്യമൊരുക്കുക.

13. സഭയുടെ കൃഷിചെയ്യാത്ത പൊതുഇടങ്ങൾ ജൈവവൈവിധ്യ സംരംക്ഷണത്തിനായി ഉപയോഗിക്കുക.

14. ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പൊതുപരിപാടികളിൽ സംബന്ധിക്കുന്നവരുടെ ആവശ്യത്തിനുതകുന്ന വിധത്തിൽ ശബ്ദക്രമീകരണം ഏർപ്പെടുത്തുക. സമീപവാസികൾക്കും പൊതുജനത്തിനും ബുദ്ധിമുട്ടുണ്ടാക്കുന്നവിധത്തിൽ സൗണ്ട്സിസ്റ്റം ഉപയോഗിക്കാതിരിക്കുക.

15. ആഘോഷങ്ങളുടെ അവസരത്തിലുള്ള അമിതമായ ദീപാലങ്കാരങ്ങളും വെടിമരുന്നുപ്രയോഗവും കർശനമായി നിയന്ത്രിക്കുക.

## III സഭാസ്ഥാപനങ്ങളിൽ

1. സഭയുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആതുരാലയങ്ങൾ, സാമൂഹികസ്ഥാപനങ്ങൾ തുടങ്ങിയവ സഭയുടെ ഹരിതദർശനം പ്രചരിപ്പിക്കുന്നതിനുള്ള വേദികളാക്കുക.

2. ഉപയോഗശൂന്യമായ പേപ്പറുകൾ, ടിന്നുകൾ, കുപ്പികൾ, പ്ലാസ്റ്റിക്കുകൾ എന്നിവ വേർതിരിച്ച് സമാഹരിക്കാൻ പരിശീലിപ്പിക്കുക.

3. സഭയുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ, ഉപയോഗശൂന്യമായത് കത്തിക്കുന്നരീതി നിറുത്തലാക്കുക.



www.malankaralibrary.com

4. പുനരുപയോഗത്തിന് സാധ്യമായ വസ്തുക്കൾ ഉപയോഗിക്കാൻ ജനങ്ങളെ പഠിപ്പിക്കുക.

5. പ്രപഞ്ചത്തിലെ മുഴുവൻ ജീവജാലങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നെന്നും ഓരോന്നിനെയും സംരക്ഷിക്കുക നമ്മുടെ കടമയാണെന്നും ശാസ്ത്രീയമായ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കുന്നതിന് കുട്ടികളെ സഹായിക്കുക.

6. സഭാസ്ഥാപനങ്ങൾ സൗരോർജ്ജവിളക്കുകൾ, സോളാർഹീറ്റർ തുടങ്ങിയവ ഉപയോഗിക്കുക.

7. സുഹൃത്തുക്കൾക്കും ഉപകാരികൾക്കും സമ്മാനങ്ങൾ കൊടുക്കേണ്ടിവരുമ്പോൾ പരിസ്ഥിതിസൗഹൃദസമ്മാനങ്ങൾ നല്കുക.

8. സഭാസ്ഥാപനങ്ങളുടെ വാർഷികബഡ്ജറ്റിൽ പ്രകൃതിസംരക്ഷണത്തിന് പണം വകയിരുത്തുക.

9. ജനിതകമാറ്റം വരുത്തിയ വിളകൾ, വിത്തുകൾ എന്നിവയെക്കുറിച്ച് പഠനങ്ങൾക്കു വേദിയൊരുക്കി ഉചിതമായ പ്രതികരണങ്ങൾ നടത്തുക.

10. സഭയുടെ ആതുരാലയങ്ങളിൽ മാനുഷികപരിസ്ഥിതി പ്രോത്സാഹിപ്പിക്കുന്ന ചികിത്സാരീതികൾ അവലംബിക്കുക.

11. വർദ്ധിച്ചുവരുന്ന mobile, internet ഉപയോഗത്തിലൂടെയുള്ള ആരോഗ്യപ്രശ്നങ്ങൾ, e-waste എന്നിവയെക്കുറിച്ച് ബോധവത്കരണം നടത്തുക.

12. സുസ്ഥിരവികസനത്തിനുതകുന്നവിധത്തിൽ (sustainable development) ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.

13. ജൈവോത്പന്നങ്ങളും ജൈവവിഭവങ്ങളും ഉപയോഗിക്കാൻ പ്രേരിപ്പിക്കുക.

## IV കുടുംബങ്ങളിൽ

1. ഇലക്ട്രിസിറ്റിയും വെള്ളവും നിയന്ത്രിച്ച് ഉപയോഗിക്കുക (പാത്രം കഴുകുമ്പോഴും വ്യക്തിപരമായി ഉപയോഗിക്കുമ്പോഴും വാഹനവും പരിസരവും വൃത്തിയാക്കുമ്പോഴും മിതത്വം പാലിക്കുക).

2. ഗുണമൂല്യമുള്ള പൈപ്പുകളും ടാപ്പുകളും ഉപയോഗിച്ച് ലീക്കേജ് നിയന്ത്രിക്കുക.



www.malankaralibrary.com

3. ബയോഗ്യാസ്പ്ലാന്റും പാചകവാതകം ഉപയോഗിക്കുന്ന സ്റ്റൗവും കഴിയുന്നിടത്തോളം ഉപയോഗിക്കുക.

4. പ്രഷർകുക്കർ തുടങ്ങി പെട്ടെന്ന് ചൂടാകുന്നതും ചൂടുസംരക്ഷിക്കുന്നതുമായ പാത്രങ്ങൾ ഉപയോഗിക്കുക.

5. പ്ലാസ്റ്റിക്കുപ്പികളിൽ ചൂടുവെള്ളം ഉപയോഗിക്കുന്നത് വഴി BISHPENOL A ശരീരത്തിൽ പ്രവേശിക്കുകയും അത് ക്യാൻസർ പോലെയുള്ള രോഗങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നതിനാൽ പ്ലാസ്റ്റിക്കുപ്പി ഉപയോഗിക്കാതിരിക്കാൻ ബോധവത്കരിക്കുക.

6. പച്ചക്കറിത്തോട്ടവും ടെറസിലെ കൃഷിയും പ്രോത്സാഹിപ്പിക്കുക.

7. ജൈവകൃഷിയും മൃഗസംരക്ഷണവും പ്രോത്സാഹിപ്പിക്കുക. കൃഷിയിൽ നിന്നുലഭിക്കുന്ന വിവിധവസ്തുക്കൾ പരമാവധി ഉപയോഗിക്കുക (വാഴക്കൂമ്പ്, പിണ്ടി, ചക്ക, ചക്കക്കുരു, മാങ്ങ എന്നിവയുടെ ഉപയോഗം വരുംതലമുറയ്ക്ക് പരിചയപ്പെടുത്തിക്കൊടുക്കുക).

8. ഗാർഹികതലത്തിൽ പ്രയോജനപ്പെടുത്താവുന്ന ആയാസരഹിതവും ആസ്വാദ്യവുമായ മാലിന്യസംസ്കരണം പ്രോത്സാഹിപ്പിക്കുക

9. വായുശുചീകരണത്തിനും ശീതീകരണത്തിനും സംശുദ്ധമായ പ്രാണവായു ലഭിക്കുന്നതിനുംവേണ്ടി ജൈവവേലിയുണ്ടാക്കുക. ജലപാതകളുടെ സംരക്ഷണത്തിന് കണ്ടൽച്ചെടികളും രാമച്ചവും വളർത്തുക.

10. മുറ്റത്ത് ഔഷധച്ചെടികൾ നട്ടുവളർത്തുന്ന രീതി പ്രോത്സാഹിപ്പിക്കുക. ജീവിതശൈലീരോഗങ്ങളെക്കുറിച്ച് ബോധവത്കരണം നടത്തുക.

11. അനാരോഗ്യകരമായ ഭക്ഷണപാചകശീലങ്ങളെക്കുറിച്ച് ബോധവത്കരണം നടത്തുക. മാംസഭക്ഷണത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനും മദ്യവർജ്ജനം വ്യാപകമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക.



www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com



# പച്ചയായ പുല്‍ത്തകിടിയിലേക്ക്

**Pastoral Orientation Centre (POC)**
Secretariat, Kerala Catholic Bishops' Council
P.B.No.2251, Kochi-682025, Kerala, India
Tel: 91-484-2805722, 2805815, Fax: 2806214
E-mail: poc@kcbcsite.com, www.kcbcsite.com

vince

www.malankaralibrary.com